# ദൈവരാജ്യം

കോതമംഗലം രൂപത ബുള്ളറ്റിൻ



സെപ്റ്റംബർ 2021 വാല്യം 60 ലക്കം 9

സെപ്റ്റംബർ 14

വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ



പരിശുദ്ധ ദൈവമാതാവിന്റെ പിറവി തിരുനാൾ
സെപ്റ്റംബർ 8

# ദൈവരാജ്യം

## കോതമംഗലം രൂപത ബുള്ളറ്റിൻ

സെപ്തംബർ 2021 വാല്യം 60 ലക്കം 9




## ഉള്ളടക്കം


| | |
|---|---|
| 5 | ഇടയലേഖനം |
| 12 | സർക്കുലർ |
| 16 | രൂപതക്കച്ചേരി |
| 18 | മൈനർ സെമിനാരി |
| 19 | വിജ്ഞാനഭവൻ |
| 24 | കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി |
| 25 | നിർമ്മല സിവിൽ സർവീസ് അക്കാദമി |
| 27 | സോഷ്യൽ സർവീസ് |
| 29 | ചെറുപുഷ്പ മിഷൻലീഗ് |
| 32 | കെ. സി. എസ്. എൽ. |
| 37 | മാതൃവേദി |
| 38 | ഫാമിലി അപ്പോസ്റ്റലേറ്റ് |
| 38 | മദ്യവിരുദ്ധ സമിതി |
| 39 | ഡി. എഫ്. സി. |
| 40 | യുവദീപ്തി |
| 41 | ജീസസ് യൂത്ത് |
| 43 | അല്മായ ഫ്രാൻസിസ്കൻ സഭ |
| 43 | പ്രാർത്ഥനാഗ്രൂപ്പ് |
| 45 | സെന്റ് വിൻസെന്റ് ഡിപോൾ സൊസൈറ്റി |
| 45 | കേരള ലേബർ മൂവ്മെന്റ് |
| 46 | ഇൻഫാം |
| 47 | തിരുനാൾ മംഗളങ്ങൾ |
| 48 | രൂപതാദ്ധ്യക്ഷന്റെ ഡയറി |
| 49 | നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം |
| 50 | നിര്യാതരായി |


**Patron**

MAR GEORGE MADATHIKANDATHIL
(Bishop of Kothamangalam)

**Editor**

REV. FR. JOSE KULATHOOR

**Printer & Publisher**

REV. DR. GEORGE THEKKEKARA

The Eparchial Curia, Bishop's House, P.B. No. 6
Kothamangalam - 686 691
8281946306 bishophouseklm@gmail.com


## പള്ളിയിൽ അറിയിക്കുവാൻ


| | |
|---|---|
| Page 5 | ഇടയലേഖനം |
| Page 12 | സർക്കുലർ |
| Page 21 | ദൈവവിളി സെമിനാർ |
| Page 23 | ഒന്നാം സെമസ്റ്റർ പരീക്ഷ |


## തിരുനാളുകൾ



**4**
കൊൽക്കത്തയിലെ
വി. തെരേസ



**21**
വി. മത്തായി ശ്ലീഹ



**8**
പരി. മറിയത്തിന്റെ പിറവിത്തിരുനാൾ



**27**
വി. വിൻസെന്റ്
ഡി പോൾ




**13**
വി. ജോൺ
ക്രിസോസ്തോം



**29**
മാലാഖമാരായ മിഖായേൽ ഗബ്രിയേൽ, റഫായേൽ



**14**
വി. കുരിശിന്റെ
പുകഴ്ച



**30**
വി. ജെറോം

Prot. No. 0923/2021

# ഇടയലേഖനം

സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്
കർദിനാൾ ജോർജ്ജ് ആലഞ്ചേരി
തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും
മെത്രാൻമാർക്കും
വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക്
ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.

ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ!

"പുതിയ റാസ കുർബാന തക്സയ്ക്ക് അംഗീകാരം നൽകുന്ന സന്ദർഭം ഉപയോഗിച്ചു നിങ്ങളുടെ സഭയുടെ ഐക്യത്തിനും ഉപരിനന്മയ്ക്കുമായി വിശുദ്ധ കുർബാനയുടെ അർപ്പണരീതിയിലുള്ള ഐകരൂപ്യം ഉടനടി നടപ്പിലാക്കാൻ എല്ലാ വൈദികരെയും സമർപ്പിതരെയും അല്മായ വിശ്വാസികളെയും ഞാൻ ആഹ്വാനം ചെയ്യുന്നു. സിനഡിന്റെ തീരുമാനം നിങ്ങൾ നടപ്പിലാക്കുമ്പോൾ പരിശുദ്ധാത്മാവു നിങ്ങളുടെ സഭയിലെ എല്ലാ അംഗങ്ങളും തമ്മിലുള്ള ഐക്യവും യോജിപ്പും സാഹോദര്യവും പരിപോഷിപ്പിക്കട്ടെ".

-ഫ്രാൻസിസ് മാർപാപ്പാ.

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

1934 മുതൽ നമ്മുടെ സഭ ആരാധനക്രമ നവീകരണത്തിന്റെ പാതയിലായിരുന്നു. 1986-ൽ പുനരുദ്ധരിക്കപ്പെട്ട റാസക്രമം നിലവിൽ വന്നതോടെ സഭയുടെ പൈതൃകങ്ങളുടെയും തനിമയുടെയും അടിസ്ഥാനത്തിൽ പുതിയ ഉൾക്കാഴ്ചകൾ സ്വീകരിക്കാൻ സഹായകമായ ആഴമേറിയ പഠനങ്ങൾ ആരംഭിച്ചു. അതിന്റെ ഫലമായി വിവിധ കൂദാശകളുടെ കർമക്രമങ്ങളും തിരുപ്പട്ടകൂദാശക്രമവും മറ്റു ആരാധനക്രമകർമങ്ങളും ഏകീകൃത രൂപത്തിലാക്കാൻ കഴിഞ്ഞു. എന്നാൽ, വിശുദ്ധ കുർബാനയർപ്പണരീതി ഏകീകൃതരൂപത്തിലാക്കാൻ നാം നടത്തിയ പരിശ്രമങ്ങൾ പലകാരണങ്ങളാൽ പൂർണ ഫലപ്രാപ്തിയിലെത്തിയില്ല. 1999-ലെ സിനഡ് ഇതിനായി ഒരു ഏകീകൃതരൂപം

നൽകിയെങ്കിലും അത് എല്ലാ രൂപതകളിലും നടപ്പിൽവരുത്താൻ കഴിഞ്ഞില്ല. എങ്കിലും വിശുദ്ധ കുർബാനയുടെ അർപ്പണരീതിയിലെ ഐക്യത്തിനായി സഭയുടെ തലത്തിൽ നിരന്തരം ആവശ്യമുയർന്നു കൊണ്ടിരുന്നു. സഭാമക്കൾ അതിനായി പ്രാർഥിച്ചുകൊണ്ടേയിരുന്നു. ഈ കാലഘട്ടത്തിൽ നടന്ന എല്ലാ സഭാഅസംബ്ലികളിലും വിശുദ്ധ കുർബാനയർപ്പണരീതിയിലെ ഏകീകരണത്തിനായി എല്ലാവരും ഒരേ സ്വരത്തിൽ വാദിച്ചിരുന്നു. മെത്രാന്മാരുടെ സിനഡൽ സമ്മേളനങ്ങളും അർപ്പണരീതിയിലെ ഏകീകരണത്തിനായി പരിശ്രമിച്ചുകൊണ്ടിരുന്നു. 2019 ആഗസ്റ്റിലെ സിനഡ് സമ്മേളനത്തിനിടയിൽ മെത്രാന്മാരോടൊപ്പം രൂപതകളിലെ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിമാർ ഒരുമിച്ചുകൂടിയ പ്പോൾ അവരും വിശുദ്ധ കുർബാനയർപ്പണത്തിന്റെ ഏകീകരണ ത്തിനായി ശക്തമായി ആവശ്യപ്പെട്ടു. 2020 ആഗസ്റ്റിലെ മെത്രാന്മാരുടെ സിനഡ് അതുവരെ വിശുദ്ധ കുർബാനയുടെ ഏകീകൃത അർപ്പണരീതി നടപ്പിലാക്കാതിരുന്ന രൂപതകളിൽ അപ്രകാരം ചെയ്യണമെന്നു നിർ ദ്ദേശിച്ചു.

കൊറോണക്കാലത്ത് ഓൺലൈൻ കുർബാനകളിൽ പ്രത്യക്ഷ പ്പെട്ട വിവിധ രൂപതകളിലെ അർപ്പണരീതികളുടെ വൈവിധ്യവും വൈ രുദ്ധ്യവും സഭാംഗങ്ങളെ കൂടുതൽ അസ്വസ്ഥരാക്കി. പരിശുദ്ധ സിംഹാ സനത്തെയും കുർബാനയർപ്പണരീതികളിലെ അനൈക്യം അത്ഭുത പ്പെടുത്തി. ഐകരൂപ്യം കൊണ്ടുവരേണ്ടത് സഭയുടെ ഐക്യത്തിന് അത്യാവശ്യമാണെന്ന നിഗമനത്തിൽ പൗരസ്ത്യ സഭകൾക്കായുള്ള കാര്യാലയം എത്തിച്ചേർന്നു. അതിൻപ്രകാരം 2020 മെയ് 4-ന് അപ്പ സ്തോലിക് നുൺഷ്യോ മേജർ ആർച്ചുബിഷപ്പിനു കത്തെഴുതി. നവീകരിച്ച വിശുദ്ധ കുർബാനയുടെ തക്സ അംഗീകാരത്തിനു സമർപ്പിച്ചപ്പോൾ അർപ്പണരീതിയിൽ ഐക്യം ആവശ്യപ്പെട്ടുകൊണ്ടു 2020 നവംബർ 9-ന് പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയം നേരിട്ടു കത്തെഴുതി. നവീകരിച്ച തക്സയ്ക്ക് അംഗീകാരം നൽകിക്കൊണ്ട് 2021 ജൂൺ 9-ന് എഴുതിയ കത്തിലും വിശുദ്ധ കുർബാനയുടെ അർപ്പണ രീതിയിലുള്ള ഐകരൂപ്യം വ്യക്തമാക്കുന്ന നിർദ്ദേശങ്ങൾ പൗരസ്ത്യ സഭകൾക്കായുള്ള കാര്യാലയം നൽകി. ഇതിനെ തുടർന്നാണു പരി ശുദ്ധ പിതാവു ഫ്രാൻസിസ് മാർപാപ്പ തന്നെ വളരെ ആധികാരികമായി 2021 ജൂലൈ മൂന്നാം തീയതി നമ്മുടെ സഭയിൽ വിശുദ്ധ കുർബാന യുടെ അർപ്പണരീതിയിലെ ഐകരൂപ്യം ആവശ്യപ്പെട്ടുകൊണ്ടു മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും അല്മായ വിശ്വാ

സികൾക്കുമായി കത്തെഴുതിയത്. ഇതു സീറോമലബാർ സഭ മുഴുവനും വേണ്ടി പരിശുദ്ധ പിതാവ് എഴുതിയ കത്താണ്. അതിനാൽ ഈ കത്തിലെ നിർദ്ദേശമനുസരിച്ചു പ്രവർത്തിക്കാൻ ഓരോ സീറോമലബാർ വിശ്വാസിക്കും കടമയുണ്ട്. ഈ കത്തിൽ പരിശുദ്ധ പിതാവു നടത്തിയ ആഹ്വാനമാണ് ഈ ഇടയലേഖനത്തിന്റെ ആരംഭത്തിൽ ഉദ്ധരിച്ചിരിക്കുന്നത്. മാർപാപ്പ ഇപ്രകാരം നമ്മുടെ സഭയ്ക്ക് ഒരു കത്തെഴുതുന്നത് ഇതാദ്യമാണ്.

ഈ പശ്ചാത്തലത്തിൽ, 2021 ആഗസ്റ്റ് 16 മുതൽ 27 വരെ ഓൺലൈനായി സമ്മേളിച്ച സിനഡ് ഈ വിഷയം ആഴമായ പഠനത്തിനും ചർച്ചയ്ക്കും വിധേയമാക്കി. രണ്ടായിരം വർഷത്തെ അനുസ്യൂതമായ കത്തോലിക്കാവിശ്വാസപാരമ്പര്യമുള്ള സീറോമലബാർ സഭയുടെ ചരിത്രത്തിലെ ഏറ്റവും വലിയ പ്രത്യേകത സാർവത്രിക സഭയോടും മാർപാപ്പായോടും പുലർത്തിയ അചഞ്ചലമായ വിശ്വസ്തതയാണ്. പത്രോസിനോടൊപ്പവും പത്രോസിനോടുള്ള വിധേയത്വത്തിലും *(cum Petro et sub Petro)* സഭാതലവനോടും രൂപതാ മെത്രാനോടുമുള്ള അനുസരണത്തിലും ജീവിച്ച പാരമ്പര്യമാണ് നമ്മുടെ പിതാമഹന്മാർ നമുക്കു പകർന്നുതന്നിട്ടുള്ളത്. 1934-ൽ സഭയുടെ ആരാധനക്രമം സംബന്ധിച്ചുണ്ടായ സമാനമായ പ്രതിസന്ധിയിൽ എറണാകുളം മെത്രാപ്പോലീത്തയായിരുന്ന ഭാഗ്യസ്മരണാർഹനായ അഗസ്റ്റിൻ കണ്ടത്തിൽ പിതാവു മാർപാപ്പായ്ക്ക് എഴുതിയത് "തിരുസിംഹാസനം എടുക്കുന്ന ഏതു തീരുമാനവും ഞങ്ങൾക്കു പൂർണ്ണമായും സ്വീകാര്യമാണ്" എന്നായിരുന്നു. ഈ മാതൃകയാണ് നാം സ്വീകരിക്കേണ്ടത്. പരിശുദ്ധാത്മാവ് തിരുസ്സഭയെ ഏറ്റവും വ്യക്തമായും കൃത്യമായും പഠിപ്പിക്കുന്നത് പരിശുദ്ധ പിതാവിലൂടെയാണെന്ന് നാം വിശ്വസിക്കുന്നു. പരിശുദ്ധ പിതാവിന്റെ നിർദ്ദേശങ്ങൾ അനുസരിക്കാൻ വിശ്വാസികൾക്കുള്ള കടമയെക്കുറിച്ചു നമുക്ക് അറിവുള്ളതാണല്ലോ (*CCEO*, c. 45). ആരാധനക്രമത്തെ സംബന്ധിച്ച കാര്യങ്ങൾ അന്തിമതീർപ്പു കല്പിക്കേണ്ടതു മാർപാപ്പയാണെന്നു സഭാപ്രബോധനങ്ങളിൽ വ്യക്തമാക്കുന്നുണ്ട് (*SC*, 22). മാർപാപ്പ തീർപ്പുകല്പിച്ച ആരാധനക്രമത്തിൽ എന്തെങ്കിലും കൂട്ടിച്ചേർക്കാനോ മാറ്റംവരുത്താനോ വൈദികർക്കോ മറ്റുള്ളവർക്കോ അവകാശമില്ല (*SC*, 22.3). അതിനാൽ, പരിശുദ്ധ പിതാവിന്റെ നിർദ്ദേശം നടപ്പിലാക്കാൻ നാം ബാധ്യസ്ഥരാണ്. വ്യത്യസ്തമായ ഒരു തീരുമാനമെടുക്കാൻ സിനഡിനോ ഏതെങ്കിലും രൂപതാധ്യക്ഷനോ അവകാശമില്ല. "അനുസരണം ബലിയേക്കാൾ ശ്രേഷ്ഠമാ

ണ്" (1 സാമു 15:22) എന്നതു നാം മറക്കരുത്. പരിശുദ്ധ പിതാവു കാണിച്ചുതരുന്ന വഴിയാണു നമുക്കു ദൈവാനുഗ്രഹത്തിന്റെ വഴി. അതിനാൽ, സഭാമക്കൾ ആഗ്രഹിച്ചതും സിനഡ് അംഗീകരിച്ചതും പരിശുദ്ധ പിതാവ് ആഹ്വാനം ചെയ്തിരിക്കുന്നതുമായ വിശുദ്ധ കുർബാനയുടെ അർപ്പണരീതി അനുവർത്തിക്കുക എന്നതു കത്തോലിക്കരായ നമ്മെ സംബന്ധിച്ചിടത്തോളം സഭാകൂട്ടായ്മയിലുള്ള നമ്മുടെ ഉത്തരവാദിത്വ നിർവഹണവും പരിശുദ്ധ പിതാവിനോടുള്ള നമ്മുടെ വിധേയത്വത്തിന്റെ പ്രകാശനവുമാണ്.

ആരാധനക്രമത്തിൽ ഐകരൂപ്യമല്ല ഐക്യമാണ് വേണ്ടത് എന്നു ചിന്തിക്കുന്നവരുണ്ടാകാം. ഐക്യവും ഐകരൂപ്യവും ഒന്നല്ലെങ്കിലും പരസ്പരപൂരകങ്ങളാണ്. അടിസ്ഥാന ഘടകങ്ങളിലുള്ള ഐകരൂപ്യം ഐക്യത്തിന് ആവശ്യമാണ്. ആരാധനക്രമത്തിന്റെ അടിസ്ഥാനരൂപങ്ങളിൽ ഐകരൂപ്യമില്ലാതെ ഐക്യം സാധ്യമാവില്ല. ഇതിനു നമ്മുടെ സഭയുടെ ചരിത്രം തന്നെ സാക്ഷിയാണ്. വിശുദ്ധ കുർബാനയർപ്പണത്തിലെ ഐകരൂപ്യം ഇതാണ്: കാർമികൻ ആമുഖശുശ്രൂഷയും വചനശുശ്രൂഷയും ഉൾപ്പെടെ വിശ്വാസപ്രമാണം കഴിയുന്നതുവരെ വചനവേദി (ബേമ്മ)യിൽ വച്ചു ജനാഭിമുഖമായും അനാഫൊറാഭാഗം അൾത്താരയ്ക്ക് അഭിമുഖമായും വി. കുർബ്ബാന സ്വീകരണത്തിനുശേഷമുള്ള സമാപനശുശ്രൂഷ ജനാഭിമുഖമായും നിർവഹിക്കുക. അർത്ഥപൂർണമായ ബലിയർപ്പണത്തിനു വചനത്തിന്റെ മേശയും (ബേമ്മ) അപ്പത്തിന്റെ മേശയും (ബലിപീഠം) ആവശ്യമാണെന്നു രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നുണ്ട് (*DV*, 14). നമ്മുടെ സഭയിലെ പൗരാണികമായ പാരമ്പര്യവും ഇതുതന്നെയാണ്.

നമ്മുടെ വിശുദ്ധ കുർബാനയിൽ ആമുഖശുശ്രൂഷയും വചനശുശ്രൂഷയും യഥാക്രമം ഈശോയുടെ ജനനത്തെയും പരസ്യജീവിതത്തെയുമാണ് അനുസ്മരിപ്പിക്കുന്നത്. ഈ അടിസ്ഥാനത്തിലാണ് വിശുദ്ധ കുർബാനയുടെ ആദ്യഭാഗം വചനവേദിയിൽ ജനാഭിമുഖമായി അർപ്പിക്കുന്നത്. തുടർന്നു, "കഴുകി ശുദ്ധമാക്കപ്പെട്ട ഹൃദയത്തോടും വെടിപ്പാക്കപ്പെട്ട മനസ്സാക്ഷിയോടും കൂടെ" വിശ്വാസപ്രമാണത്തിനു ശേഷം വിശുദ്ധ മദ്ബഹായിൽ പ്രവേശിക്കുന്ന പുരോഹിതൻ സഭയുടെ നാമത്തിൽ മിശിഹായുടെ പ്രതിനിധിയായി പരമപിതാവിനു ബലിയർപ്പിക്കുകയാണ്. അതിനാലാണു കൂദാശാഭാഗം മദ്ബഹായ്ക്ക് അഭിമുഖമായി അർപ്പിക്കണമെന്നു നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്.

പാശ്ചാത്യ, പൗരസ്ത്യ സഭകളിലെല്ലാം 1965 വരെ അൾത്താരയ്ക്ക് അഭിമുഖമായാണ് വി. കുർബാന അർപ്പിച്ചിരുന്നത്. സഭയുടെ ആരംഭം മുതലേ നിലനിന്നിരുന്ന ഈ വിശുദ്ധ പാരമ്പര്യം വീണ്ടെടുക്കാനാണു പരിശുദ്ധ പിതാവു നമ്മോട് ആവശ്യപ്പെടുന്നത്. വിശുദ്ധ കുർബാനയുടെ അർപ്പണഭാഗം സമാപിക്കുന്നതുകൊണ്ടാണു കുർബാന സ്വീകരണത്തിനു ശേഷമുള്ള കൃതജ്ഞതാപ്രാർഥനകളും സമാപനാശീർവാദവും ജനങ്ങളുടെ നേരെ തിരിഞ്ഞു ചൊല്ലേണ്ടതാണെന്നു നിർദേശിക്കപ്പെട്ടിരിക്കുന്നത്.

വിശുദ്ധ കുർബാനയെന്നതു മിശിഹായുടെ ശരീരമായ സഭ ശിരസ്സായ അവിടത്തോടു ചേർന്നു പിതാവായ ദൈവത്തിന് അർപ്പിക്കുന്ന ബലിയാണ്. അതിനാൽ സഭാഗാത്രമായ ദൈവജനവും ശിരസ്സായ മിശിഹായുടെ നാമത്തിൽ വിശുദ്ധ രഹസ്യങ്ങൾ പരികർമം ചെയ്യുന്ന വൈദികനും പിതാവായ ദൈവത്തിന്റെ സിംഹാസനമായ വിശുദ്ധ അൾത്താരയ്ക്ക് അഭിമുഖമായി ബലിയർപ്പണവേദിയിൽ വ്യാപരിക്കുന്നതു സമുചിതമാണെന്ന് ആദിമകാലം മുതലേ സഭ കരുതിയിരുന്നു. വിശുദ്ധ കുർബാനയർപ്പിക്കുന്ന കാർമികൻ ഒരേസമയം ക്രിസ്തുവിനെയും സഭയെയും പ്രതിനിധാനം ചെയ്യുന്നു (*alter Christus et altera Ecclesia*). ക്രിസ്തീയ ജീവിതം സ്വർഗത്തെ ലക്ഷ്യമാക്കിയുള്ള തീർത്ഥാടനമാണെന്ന വിശ്വാസവും ഈ അനുഷ്ഠാനത്തിലൂടെ തിരുസ്സഭ പ്രഘോഷിക്കുന്നുണ്ട്. മദ്ബഹാ പ്രതിനിധാനം ചെയ്യുന്ന സ്വർഗത്തെ ലക്ഷ്യമാക്കി ദൈവജനമൊന്നാകെ തീർത്ഥാടനം ചെയ്യുന്ന അനുഭവമാണു കുർബാനയിലൂടെ ലഭിക്കുന്നത്. ദൈവത്തിന്റെ സിംഹാസനമായ ബലിപീഠത്തിനു മുന്നിൽ കുമ്പിട്ടാരാധിക്കുന്ന മാലാഖവൃന്ദങ്ങളോടും സ്വർഗവാസികളായ വിശുദ്ധരോടും ചേർന്നു ഭൂവാസികളും ദൈവത്തെ ആരാധിക്കുന്ന രീതിയിലാണു നമ്മുടെ വിശുദ്ധ കുർബ്ബാനയിലെ പ്രാർത്ഥനകൾ ക്രമീകരിക്കപ്പെട്ടിരിക്കുന്നത്. ഒരേ സമയം പരിശുദ്ധ ത്രിത്വത്തിന്റെ സിംഹാസനവും നമ്മുടെ കർത്താവിന്റെ കബറിടവുമായി പരിഗണിക്കപ്പെടുന്ന വിശുദ്ധ അൾത്താരയ്ക്കു നമ്മുടെ ആരാധനക്രമത്തിൽ വലിയ പ്രാധാന്യമുണ്ട്. അതിനാലാണ് അൾത്താരയിലേക്കു തിരിയുന്നതിനെ "കർത്താവിലേക്കു തിരിയുന്നതായി" (*conversi ad Dominum*) നമ്മുടെ പിതാക്കന്മാർ വിശേഷിപ്പിച്ചിരിക്കുന്നത്. അതിനാൽ നമ്മുടെ സഭയുടെ തനതായ പാരമ്പര്യം പരിഗണിച്ചു വിശുദ്ധ കുർബാനയിലെ അനാഫൊറയുടെ ആരംഭം മുതൽ വിശുദ്ധ കുർബാനസ്വീകരണംവരെയുള്ള ഭാഗം

മദ്ബഹായ്ക്കു അഭിമുഖമായി അർപ്പിക്കണമെന്ന സിനഡിന്റെ തീരുമാനം ഉടനടി (promptly) നടപ്പിലാക്കാൻ പരിശുദ്ധ പിതാവ് ആവശ്യപ്പെട്ടിരിക്കുന്നത്.

ആരാധനക്രമത്തിലെ ഐക്യമാണു സഭയുടെ കൂട്ടായ്മയുടെ അടിസ്ഥാനം എന്ന സത്യം തിരിച്ചറിയാൻ നാം വൈകിയതും സഭാഗാത്രത്തിൽ ഏറെ മുറിവുകൾ സൃഷ്ടിക്കാൻ കാരണമായി. ഈ വീഴ്ചയെ എളിമയോടും അനുതാപത്തോടുംകൂടെ നമുക്കു ദൈവതിരുമുമ്പിൽ ഏറ്റുപറയാം. 'അൾത്താരയിൽ ഐക്യം ഇല്ലാതെ സഭയിൽ ഐക്യം സാധ്യമല്ല' എന്ന ബെനഡിക്റ്റ് മാർപാപ്പയുടെ ചിന്ത നമുക്കു മാർഗദീപമാകട്ടെ.

ഏകീകൃത ബലിയർപ്പണരീതി നടപ്പിലാക്കുന്നതിലെ വൈഷമ്യങ്ങൾ ചൂണ്ടിക്കാണിച്ചു വിവിധ തലങ്ങളിൽനിന്നുയർന്ന നിരീക്ഷണങ്ങളെക്കുറിച്ചും സിനഡ് പിതാക്കന്മാർ ആത്മാർത്ഥമായി ചർച്ച ചെയ്തു. ഏതാനും ദശകങ്ങളായി ശീലിച്ച പതിവു ശൈലി മാറ്റുമ്പോഴുള്ള പ്രായോഗിക ബുദ്ധിമുട്ടിനെക്കുറിച്ച് ഉന്നയിക്കപ്പെട്ട ആശങ്കകൾ പിതാക്കന്മാർ ഹൃദയപൂർവം മനസ്സിലാക്കുന്നു. എന്നാൽ, കർത്താവിന്റെ അജഗണത്തെ ഒരുമയോടെ മുന്നോട്ടു നയിക്കാനുള്ള പരിശുദ്ധ പിതാവിന്റെ ആഹ്വാനം ശിരസ്സാവഹിക്കണമെന്നാണു സിനഡിലെ ചർച്ചകളിലൂടെ പരിശുദ്ധാത്മാവു പ്രചോദിപ്പിക്കുന്നതെന്നു പിതാക്ക ന്മാർക്കു ബോധ്യപ്പെട്ടു. സഭയിൽ ഏതെങ്കിലുമൊരു ആശയഗതിയുടെ വിജയമോ പരാജയമോ ആയി ഈ തീരുമാനത്തെ ആരും വിലയിരുത്തരുത്. ആരാധനക്രമാനുഷ്ഠാനത്തിൽ നിലവിലുണ്ടായിരുന്ന രണ്ടു വ്യത്യസ്ത ചിന്താധാരകളെ സംയോജിപ്പിച്ചു സിനഡു തീരുമാനിച്ച മധ്യമാർഗ്ഗമാണു പരിശുദ്ധ പിതാവു നടപ്പിലാക്കാൻ ആവശ്യപ്പെട്ടിരി ക്കുന്നത്.

അതിനാൽ, പരിശുദ്ധ പിതാവു നിർദ്ദേശിച്ച പ്രകാരമുള്ള ഏകീകൃത ബലിയർപ്പണരീതിയിൽ നവീകരിച്ച കുർബാനക്രമം (*editio typica*) അടുത്ത ആരാധനക്രമവത്സരം ആരംഭിക്കുന്ന 2021 നവംബർ 28 -ാം തീയതി മംഗളവാർത്തക്കാലം ഒന്നാം ഞായറാഴ്ച മുതൽ നമ്മുടെ സഭയിൽ നടപ്പിലാക്കാൻ സിനഡു തീരുമാനിച്ചു. വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങൾ മാറ്റിവച്ചു സഭയുടെ പൊതുനന്മയെ ലക്ഷ്യമാക്കി ഒരുമനസ്സോടെ ഈ തീരുമാനം നടപ്പിലാക്കണമെന്നു സിനഡു പിതാക്കന്മാർ സഭാംഗങ്ങൾ എല്ലാവരോടും സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു.

സിനഡിന്റെ വിജയത്തിനുവേണ്ടി സഭ മുഴുവൻ കഴിഞ്ഞ ഒരു മാസം ഉപവസിച്ചു പ്രാർഥിക്കുകയായിരുന്നല്ലോ. സിനഡിൽ നല്ല തീരുമാനങ്ങൾ എടുക്കുന്നതിനുള്ള ദൈവാനുഗ്രഹം ലഭിക്കുന്നതിന് ഈ പ്രാർഥന സഹായകമായി. സഭാമക്കളേവരോടും ഹൃദയപൂർവം നന്ദി പറയുന്നു.

വി. കുർബാനയർപ്പണം ദൈവജനത്തിനു കൂട്ടായ്മയുടെ അനുഗ്രഹം സ്വന്തമാക്കാനുള്ള അവസരമാക്കി മാറ്റാൻ നമുക്ക് ഒരു മനസോടെ തീരുമാനമെടുക്കാം. ഇക്കാര്യത്തിൽ ഇനിയും വിയോജനസ്വരങ്ങൾ ഉണ്ടാകാതിരിക്കാൻ എല്ലാവരും ശ്രദ്ധിക്കണം. ബഹുമാനപ്പെട്ട വൈദികരും സമർപ്പിതരുമാണ് ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധിക്കേണ്ടത് എന്നു സ്നേഹപൂർവം ഓർമിപ്പിക്കുന്നു. ലോകത്തെ രക്ഷിക്കാൻ ഈശോ അർപ്പിച്ച ആത്മബലി അത് അർപ്പിക്കുന്ന അവിടത്തെ മൗതികശരീരമായ നമ്മുടെയും ആത്മബലിയാകട്ടെ. ഭിന്നതകളുടെ മതിലുകൾ തകർക്കുന്ന ദൈവാരൂപിയുടെ പ്രവർത്തനത്തിനായി നമുക്കു സഭയെ സമർപ്പിക്കാം. കാൽവരിയിലെ തിരുക്കുമാരന്റെ ബലിയിൽ ഏറ്റവും ആത്മാർത്ഥതയോടെ പങ്കെടുത്ത പരിശുദ്ധ കന്യകാമറിയത്തിന്റെയും സത്യവിശ്വാസം പകർന്നുതന്ന നമ്മുടെ പിതാവു മാർത്തോമ്മാശ്ലീഹായുടെയും നമ്മുടെ സഭയിലെ വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും സവിശേഷമായ മാധ്യസ്ഥ്യം കൂട്ടായ്മയുടെ അരൂപിയിൽ നമ്മെ നയിക്കട്ടെ.

കാരുണ്യവാനായ കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന്

2021-ാം ആണ്ട് ആഗസ്റ്റ് മാസം 27-ാം തീയതി നല്കപ്പെട്ടത്.

**കർദിനാൾ ജോർജ് ആലഞ്ചേരി**
സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

---

NB: ഈ ഇടയലേഖനം 2021 സെപ്റ്റംബർ 05-ാം തീയതി ഞായറാഴ്ച കുർബാനമദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്. വി. കുർബാനയിൽ സംബന്ധിക്കാൻ സാധിക്കാത്തവർക്ക് സാമൂഹിക മാധ്യമങ്ങളിലൂടെ ഇതിന്റെ കോപ്പി സംലഭ്യമാക്കേണ്ടതുമാണ്.

ദൈവകൃപയാൽ

കോതമംഗലം രൂപതയുടെ മെത്രാനായ

## മാർ ജോർജ് മഠത്തിക്കണ്ടത്തിൽ

നമ്മുടെ രൂപതയിലെ വൈദികസഹോദരന്മാർക്കും

സന്യാസിനീസന്യാസികൾക്കും

അല്മായ വിശ്വാസികൾക്കും എഴുതുന്നത്

ഈശോയിൽ സ്നേഹമുള്ളവരേ,

പരിപൂർണ്ണ സമർപ്പണത്തിന്റെയും അനുസരണത്തിന്റെയും മാതൃകയായ പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനത്തിരുനാൾ ഭക്തിപൂർവം ആഘോഷിച്ച് ആത്മീയ ജീവിതത്തിന് പുതിയ ഊർജ്ജം സ്വീകരിച്ചിരിക്കുന്ന സമയമാണല്ലോ ഇത്. ദൈവസ്നേഹത്തിന്റെയും സഹോദരസ്നേഹത്തിന്റെയും ഉദാത്തമാതൃകയായ വി. മദർ തെരേസയുടെ തിരുനാളും ഈ മാസത്തിൽ നാം ആചരിച്ചു. സഹനങ്ങളെല്ലാം രക്ഷാകരമാണെന്ന് നമ്മെ ഓർമ്മിപ്പിക്കുന്ന കുരിശിന്റെ പുകഴ്ചയുടെ തിരുനാളിലേക്കും നാം പ്രവേശിക്കുകയാണ്. നമ്മുടെ ആത്മീയ ജീവിതത്തെ പ്രചോദിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്ന ഈ ദിനങ്ങളുടെ പ്രാർത്ഥനാശംസകൾ സ്നേഹപൂർവം നേരുന്നു. കോവിഡ് മഹാമാരി ഗുരുതരമായിത്തന്നെ തുടരുന്ന സാഹചര്യത്തിൽ പല തരത്തിലുള്ള ആകുലതകളുടെയും പ്രതിസന്ധികളുടെയും നടുവിലൂടെയാണ് നമ്മുടെ നാട് കടന്നുപോകുന്നത്. ആത്മീയവും ശാരീരികവും മാനസികവും സാമ്പത്തികവുമായ ബുദ്ധിമുട്ട് അനുഭവിക്കുന്ന എല്ലാവർക്കുംവേണ്ടി പ്രാർത്ഥിക്കാം. ദൈവത്തിന്റെ കരുണയുടെ മുഖം പ്രകാശിതമാകുന്ന രീതിയിൽ സഹായങ്ങളും ജീവകാരുണ്യപ്രവൃത്തികളുംവഴി പരസ്പരം ശക്തിപ്പെടുത്താം. കുടുംബങ്ങൾ ദൈവാലയങ്ങളാക്കി ആത്മീയ ജീവിതത്തെ ശക്തമാക്കി മുന്നോട്ട് കൊണ്ടുപോകാൻ നാം പരിശ്രമിക്കുകയാണ്. തിരുക്കുടുംബത്തിന്റെ കാവൽക്കാരനും തിരുസഭയുടെ സംരക്ഷകനുമായ വി. യൗസേപ്പിതാവിന്റെ ജീവിതമാതൃക പ്രത്യേകമാംവിധം ഓർക്കുന്ന ഈ വർഷം നമ്മുടെ കുടുംബങ്ങളെ കൂടുതൽ വിശുദ്ധമാക്കാൻ പരിശ്രമിക്കാം.

പിതാവ്, കുടുംബനാഥൻ, ഭർത്താവ് എന്നീ നിലകളിലെല്ലാം വി. യൗസേപ്പിതാവിന്റെ ജീവിത മാതൃക നമുക്ക് പ്രചോദനമാകണം.

ഫ്രാൻസിസ് മാർപാപ്പയുടെ 'പിതൃഹൃദയത്തോടെ' (*Patris Corde*) എന്ന അപ്പസ്തോലിക ലേഖനത്തിൽ ഈ കാര്യം മാർപാപ്പ വ്യക്തമാക്കുന്നുണ്ട്. ആഗോളസഭയുടെ മദ്ധ്യസ്ഥനായി വി. യൗസേപ്പിതാവിനെ 9-ാം പീയൂസ് മാർപാപ്പാ പ്രഖ്യാപിച്ചതിന്റെ 150-ാം വാർഷികത്തിൽ ഫ്രാൻസിസ് മാർപാപ്പ പുറപ്പെടുവിച്ച ഏഴ് അദ്ധ്യായങ്ങളുള്ള ഈ അപ്പസ്തോലിക ലേഖനം യൗസേപ്പിതാവിനായി പ്രത്യേകം സമർപ്പിച്ചിരിക്കുന്ന ഈ വർഷം നമ്മുടെ ചിന്തയ്ക്കും പഠനത്തിനും വിധേയമാക്കുന്നത് ഉചിതമാണ്. ദൈവപുത്രന്റെ വളർത്തുപിതാവ് എന്ന അതുല്യസ്ഥാനത്തിന് വി. യൗസേപ്പിതാവിന്റെ യോഗ്യതയായി മാർപാപ്പ സൂചിപ്പിക്കുന്നത് തന്റെ കുടുംബത്തോടുള്ള യൗസേപ്പിതാവിന്റെ അഗാധമായ സ്നേഹമാണ്. സ്നേഹത്തോടെ ജീവിക്കാൻ സാധിക്കുക എന്നുള്ളത് ഇന്നത്തെ സാഹചര്യത്തിൽ ഏറെ വെല്ലുവിളി നിറഞ്ഞ കാര്യമാണ്. ദൈവസ്നേഹത്തിനും പരസ്നേഹത്തിനും എതിരായ തിന്മകളും സ്വാധീനശക്തികളും പ്രബലമാകുന്ന ഇക്കാലത്ത് യൗസേപ്പിതാവിന്റെ സ്നേഹഭാവം നമ്മെ ആത്മീയമായി ബലപ്പെടുത്തുന്നു. 'പിതൃഹൃദയത്തോടെ' എന്ന അപ്പസ്തോലിക ലേഖനത്തിന്റെ ഒന്നാം അധ്യായത്തിൽ മാർപാപ്പ സൂചിപ്പിക്കുന്ന കാര്യം ഇവിടെ പ്രസക്തമാണ്. 'തന്റെ മനുഷ്യവ്യവഹാരങ്ങളെ കുടുംബത്തിനുവേണ്ടിയുള്ള സ്നേഹത്തിൽ അർപ്പിച്ച് മനുഷ്യാതീതമാക്കി യൗസേപ്പ് മാറ്റി. അതായത്, ദൈവിക ചിന്തയോടെ തന്റെ കുടുംബത്തെ നയിച്ചു എന്നു സാരം. നമ്മുടെ കുടുംബങ്ങളിൽ സ്നേഹസംസ്കാരം രൂപപ്പെടുക എന്നുള്ളത് സുപ്രധാനമാണ്. ഈശോയുടെ സുവിശേഷത്തിന്റെ കേന്ദ്രവും തിരുസഭയുടെ അടിസ്ഥാനവും സ്നേഹമാണ്. വി. യോഹന്നാന്റെ സുവിശേഷത്തിൽ ഈശോതന്നെ ഇത് വ്യക്തമാക്കുന്നുണ്ട്: "ഇതാണ് എന്റെ കല്പന, ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കണം" (യോഹ. 15:12).

പരസ്പരസ്നേഹവും സഹകരണമനോഭാവവും കുറഞ്ഞുവരുന്ന ഒരു സാമൂഹിക അന്തരീക്ഷമാണ് നമ്മുടെ ചുറ്റുമുള്ളത്. ഈ സാഹചര്യത്തിൽ ദൈവത്തിന്റെ കരുണയും സ്നേഹവും ചുറ്റുമുള്ളവർക്ക് പകർന്നുകൊടുക്കാൻ നമുക്കു സാധിക്കണം. പരിധികളില്ലാത്ത സ്നേഹത്തിന്റെ പ്രചാരകരും പ്രഘോഷകരുമാകാൻ ഓരോ ക്രിസ്തുശിഷ്യനും കടമയുണ്ട്. ഈ ദൗത്യനിർവഹണം നമ്മുടെ കുടുംബങ്ങ

ളിൽനിന്ന് ആരംഭിക്കണം. സ്നേഹത്തിന്റെയും സമാധാനത്തിന്റെയും പരസ്പര ബഹുമാനത്തിന്റെയും വിശുദ്ധമായ മാതൃകകൾ കുടുംബ ങ്ങളിലുണ്ടാകണം. 'സ്നേഹത്തിന്റെ ആനന്ദമുള്ള കുടുംബവർഷം' ആചരിക്കുന്ന ഈ കാലഘട്ടം ഇത്തരത്തിൽ കുടുംബനവീകരണത്തിന്റെ അവസരമായി തീരണം. സഹോദരസ്നേഹം സമൃദ്ധമാകണമെങ്കിൽ നമ്മുടെ ഹൃദയം ദൈവസ്നേഹംകൊണ്ട് നിറയണം. ദൈവം പിതാ വാണെന്നും നാമെല്ലാവരും ദൈവമക്കളും പരസ്പരം സഹോദരങ്ങ ളുമാണെന്നുമുള്ള സാർവ്വത്രിക സാഹോദര്യത്തിന്റെ സുവി ശേഷസന്ദേശം കലർപ്പില്ലാതെ പ്രഘോഷിക്കാൻ നമുക്ക് കഴിയണം.

ഈശോയെയും അവിടുത്തെ മൗതികശരീരമായ തിരുസഭ യെയും വേർതിരിച്ച് കാണാനും അത്തരത്തിൽ പ്രഘോഷിക്കാനുമുള്ള പ്രലോഭനം സജീവമാകുന്ന ഈ കാലത്ത് ഈശോ ജീവിച്ചു കാണിച്ച കാരുണ്യത്തിന്റെ സുവിശേഷം സഭയോടുചേർന്നു നിന്ന് കുടുംബങ്ങ ളിൽ ജീവിക്കാൻ നമുക്ക് സാധിക്കട്ടെ. മനുഷ്യന് തന്റെ പരിമിതിക ളെയും ബലഹീനതകളെയും അതിജീവിക്കാൻ സാധിക്കണമെങ്കിൽ ശക്തമായ ദൈവാശ്രയബോധമുണ്ടാകണം. രണ്ടു വർഷത്തോളമായി കോവിഡ് മഹാമാരിയുടെ ഭീതിയിൽ നാം കഴിയുകയാണ്. മാനുഷിക കണ്ടുപിടുത്തങ്ങളും ഭൗതിക നേട്ടങ്ങളും നിസ്സഹായമാകുന്ന കാല മാണിത്. മനുഷ്യൻ ദൈവത്തിന്റെ കരുണയിലേക്ക് അടുക്കാനും എളി മപ്പെടാനും ദൈവം ഒരുക്കിയ അവസരമായി ഈ കാലഘട്ടത്തെ നമുക്ക് കാണാം. ദൈവസ്നേഹത്തിൽ ആഴപ്പെടാനും പരസ്നേഹപ്രവർത്ത നങ്ങൾ സജീവമാക്കാനും ഈ കാലഘട്ടം നമുക്ക് പ്രയോജനപ്പെടു ത്തണം. യൗസേപ്പിതാവിന്റെ ജീവിതത്തിലുണ്ടായ പ്രതിസന്ധിക ളെയും ബുദ്ധിമുട്ടുകളെയും അദ്ദേഹത്തിന് മറികടക്കാൻ സാധിച്ചത് ദൈവത്തോടുള്ള ആഴമായ സ്നേഹബന്ധം മൂലമാണ്. ദൈവിക പദ്ധ തിയുടെ ഭാഗമായി ലഭിച്ച വെളിപാടുകളെയും ബോധ്യങ്ങളെയും വിശ്വാസത്തിൽ ആഴപ്പെട്ട്, പരിപൂർണ്ണ സഹകരണത്തോ അവയെ സ്വീകരിക്കാൻ യൗസേപ്പിതാവിന് സാധിച്ചു എന്നതാണ് അദ്ദേഹ ത്തിന്റെ മഹത്വം. നമ്മുടെ കുടുംബങ്ങളിലും മറ്റ് ശുശ്രൂഷാ മേഖലക ളിലും ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും സഹനങ്ങളും ദൈവികപദ്ധതി യുടെ ഭാഗമാണെന്ന് തിരിച്ചറിയാൻ നമുക്ക് സാധിക്കട്ടെ.

'പിതൃഹൃദയത്തോടെ' എന്ന അപ്പസ്തോലിക ലേഖനത്തിന്റെ

ആദ്യ അദ്ധ്യായത്തിൽ വി. യൗസേപ്പിതാവിന്റെ സ്നേഹഭാവത്തിന് മാർപാപ്പ സവിശേഷ പ്രാധാന്യം നൽകുന്നുണ്ട്. കുടുംബബന്ധങ്ങളിൽ സ്നേഹസംസ്കാരം ശക്തമാകാനുള്ള ആഗ്രഹവും പരിശ്രമവും നമ്മുടെ ഭാഗത്തുനിന്ന് ഉണ്ടാകണം. അപ്പൻ, അമ്മ, മക്കൾ എന്നീ തലങ്ങളിൽ ദൈവം ഏല്പിച്ചിരിക്കുന്ന ഉത്തരവാദിത്വങ്ങളും കടമകളും ആത്മാർത്ഥതയോടെ നിർവഹിക്കാനുള്ള പരിശുദ്ധാത്മാഭിഷേകത്തിനുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം. അനുദിന ജീവിത സാഹചര്യങ്ങളിൽ ദൈവകരുണയുടെയും ദൈവസ്നേഹത്തിന്റെയും വക്താക്കളാകാൻ വി. യൗസേപ്പിതാവിന്റെ മദ്ധ്യസ്ഥത നമ്മെ സഹായിക്കട്ടെ.

കുടുംബങ്ങളുടെ സംരക്ഷകയും മാതാവുമായ പരിശുദ്ധ കന്യാമറിയത്തിന്റെ വിമലഹൃദയത്തിന് നിങ്ങളെ സമർപ്പിച്ചുകൊണ്ട്, പിതാവിന്റെയും ✠ പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഏവരേയും ഹൃദയപൂർവം ഞാൻ ആശീർവദിക്കുന്നു.

എന്ന്,

കോതമംഗലം മെത്രാസനമന്ദിരത്തിൽനിന്ന്
**മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ**
കോതമംഗലം രൂപതാദ്ധ്യക്ഷൻ

---

NB: 2021 സെപ്തംബർ 12-ാം തീയതി ഞായറാഴ്ച ഈ ഇടയലേഖനം നമ്മുടെ രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മധ്യേ വായിക്കേണ്ടതാണ്.

Prot. No. 0922/2021 27 August 2021

# Decision of the Synod on the Implementation of the Revised Text & Uniform Mode of Celebration of Holy *Qurbana*

1. The Synod of Bishops of the Syro-Malabar Church unanimously decided to begin the celebration of Holy *Qurbana* using the revised text (*editio typica*) with the *recognitio* of the Apostolic See (Letter of the Oriental Congregation, Prot. N. 248/2004, dated 9 June 2021) with effect from the First Sunday of the Season of Annunciation (28 November 2021).

2. The Synod unanimously accepts the exhortation of the Holy Father Pope Francis through his letter dated 3 July 2021, addressed to the bishops, clergy, religious and laity of the Syro-Malabar Church, to implement the uniform mode of celebration of the Holy *Qurbana* in all eparchies in the Syro-Malabar Church as decided by the November 1999 Synod and reiterated by the Synodal Sessions in 2020 and approved by the Congregation for the Eastern Churches (Prot. N. 1796/99, dated 17 December 1999; Prot. N. 248/2004 dated 9 November 2020 & 9 June 2021) together with the implementation of the revised text of Holy *Qurbana* from the First Sunday (28 November) of the Season of Annunciation 2021. The Congregation through its letter dated 9 June 2021 has specified the uniform mode of celebration as follows: "the celebrant shall face the faithful at the *Bema* during the Liturgy of the Word, turn towards the Altar - in

the same direction that the faithful are facing - for the Liturgy of the Eucharist, and once again face the faithful during the concluding rites after Holy Communion" (Prot. N. 248/2004).

3. The bishops of certain Eparchies who expressed their difficulties to implement the decision in the whole eparchy will, abiding by the above mentioned decisions, introduce the uniform mode of celebration starting with the cathedrals, pilgrim centers, religious communities, possible parishes, minor seminaries and other formation centers on 28 November 2021 itself. By effective catechesis, the uniform mode shall be gradually introduced in the whole eparchy as early as possible, not later than Easter 2022 (17 April 2022).

4. In this regard, the directives from the Congregation for the Eastern Churches in its letter dated 09 November 2020 (Prot. N. 248/2004) about dispensation by eparchial bishops as per provisions of CCEO c. 1538 § 1 are to be followed. The Congregation states: "precision is necessary on the question of dispensations: as the *Codex Canonum Ecclesiarum Orientalium* clearly says, these must be given in a "special case" (can. 1538 § 1) for the spiritual good of the faithful. By their very nature, they should not come to appear as general permission for something that cannot legitimately be authorized in opposition to the common norms. Therefore, Bishops should have recourse of dispensations only for well-defined times and for specific reasons".

5. From the First Sunday of Annunciation 2021, all the Bishops will celebrate the Holy *Qurbana* in the uniform mode everywhere in the Syro-Malabar Church.

6. Apostolic Visitation in Europe, the Syro-Malabar Communities in Gulf countries and other places where the Syro-Malabar Church does not have jurisdiction, all the bishops and priests will celebrate the Holy *Qurbana* in the uniform mode.

7. The Synod should think of formulating an effective liturgical catechesis catering to the specific needs of the new mission areas.

8. The options given to the celebrant shall not be reserved by eparchial bishops as it is clarified by the Congregation for the Eastern Churches through its letter dated 9 November 2020 (Prot. N. 248/2004).

9. Innovations in Liturgy in matters like rituals, vestments, symbols, prayers etc. are to be introduced only with the consent of the Synod of Bishops of the Syro-Malabar Church.

Given from the Major Archiepiscopal Curia of the Syro-Malabar Church at Mount St. Thomas Kakkanad on 27 August 2021.

**Cardinal George Alencherry**

Major Archbishop of the Syro-Malabar Church

EPARCHIAL CURIA KOTHAMANGALAM

Or. No. 500/2021 15-08-2021

**കോതമംഗലം രൂപതയിലെ**
**കോതമംഗലം ഫൊറോന പുനഃക്രമീകരണവും പുതിയ ഫൊറോനകളുടെ രൂപീകരണവും സംബന്ധിച്ച ഡിക്രി**

**സൂചന**

1. 13.04.2021 ന് ചേർന്ന വൈദിക സമിതിയുടെ ചർച്ചയും ശിപാർശയും.
2. 06.07.2021, 10.08.2021 എന്നീ തീയതികളിൽ കൂടിയ കോതമംഗലം ഫൊറോനയിലെ വൈദികരുടെ സമ്മേളനത്തിലെ ചർച്ചയും ശിപാർശയും.

നമ്മുടെ രൂപതയിലെ അജപാലന ശുശ്രൂഷ കൂടുതൽ സൗകര്യപ്രദവും കാര്യക്ഷമവും ആക്കുക എന്ന ലക്ഷ്യത്തോടെ, സഭാനിയമങ്ങൾക്കനുസരിച്ച് (പൗരസ്ത്യ കാനോനനിയമം, കാനോന 276-278; സീറോ മലബാർ സഭയുടെ പ്രത്യേക നിയമം, ആർട്ടി. 17-19; കോതമംഗലം രൂപതാനിയമസംഗ്രഹം 93, 95-106) മേൽപ്പറഞ്ഞ ചർച്ചകളുടെയും ശിപാർശകളുടെയും വെളിച്ചത്തിൽ നിലവിലുള്ള കോതമംഗലം ഫൊറോന വിഭജിച്ച് കുറുപ്പംപടി, വെളിയേൽച്ചാൽ എന്നീ രണ്ടു ഫൊറോനകൾ കൂടി ഇതിനാൽ സ്ഥാപിക്കുകയും ടി ഇടവകകളിലെ ബഹു. വികാരിമാരെ ഫൊറോന വികാരിമാരായി നിയമിക്കുകയും ചെയ്യുന്നു.

ഈ ഡിക്രി പ്രകാരം നിലവിൽ വരുന്ന മൂന്നു ഫൊറോനകളുടെ ക്രമീകരണം താഴെപ്പറയുന്ന വിധമാണ്:

| **1. കോതമംഗലം** | **2. കുറുപ്പംപടി** | **3. വെളിയേൽച്ചാൽ** |
|---|---|---|
| 1. കോതമംഗലം | 1. കുറുപ്പംപടി | 1. വെളിയേൽച്ചാൽ |
| 2. ഇഞ്ചൂർ | 2. കോട്ടപ്പടി | 2. കീരംപാറ |
| 3. മാലിപ്പാറ | 3. കുത്തുങ്കൽ | 3. കുട്ടമ്പുഴ |
| 4. മാതിരപ്പിള്ളി | 4. മുട്ടത്തുപാറ | 4. ഞായപ്പിള്ളി |
| 5. നാടുകാണി | 5. നെടുങ്ങപ്ര | 5. പുയംകുട്ടി |
| 6. നെല്ലിക്കുഴി | | 6. ഉരുളൻതണ്ണി |
| 7. നെല്ലിമറ്റം | | 7. വടാട്ടുപാറ |
| 8. തൃക്കാരിയൂർ | സ്റ്റേഷൻ പള്ളികൾ : | 1. കല്ലേലിമേട് |
| 9. വേട്ടാംപാറ | | 2. മണികണ്ഠംചാൽ |

**2021 സെപ്റ്റംബർ 8 -ാം തീയതി പ. കന്യകാമറിയത്തിന്റെ ജനനത്തിരുനാൾ ദിനം ഈ ഡിക്രി പ്രാബല്യത്തിൽ വരുന്നതാണ്. ഈ ഡിക്രിക്ക് വിരുദ്ധമായ യാതൊന്നിനും പിന്നീട് സാധുതയുണ്ടായിരിക്കുകയില്ല.**

**2021 ആഗസ്റ്റ് 15-ാം തീയതി രൂപതാകാര്യാലയത്തിൽ നിന്ന് നൽകപ്പെട്ടത്.**

EPARCHIAL CURIA
LOVE NEVER ENDS
KOTHAMANGALAM

**ഫാ. ജോസ് കുളത്തൂർ**
**ചാൻസിലർ**

**മാർ ജോർജ് മഠത്തിക്കണ്ടത്തിൽ**
**കോതമംഗലം രൂപതാദ്ധ്യക്ഷൻ**

ഈ ഡിക്രിയിലെ വിവരങ്ങൾ ബഹു. വികാരിമാർ 2021 സെപ്റ്റംബർ 5-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാന മദ്ധ്യേ ഇടവകാംഗങ്ങളെ അറിയിക്കേണ്ടതാണ്.

*Bishop's House, P.B.No -6, Kothamangalam - 686 691, Tel. 0485 - 2862236*

## C. *40/2021* ഒക്ടോബർ മാസത്തിലെ ജപമാല ഭക്തി

ഒക്ടോബർ മാസം ജപമാല ഭക്തിയുടെ മാസമാണല്ലോ. നമ്മുടെ ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും കുടുംബക്കൂട്ടായ്മകളിലും ഒക്ടോബർ മാസത്തിൽ ആഘോഷമായി ജപമാല ചൊല്ലി പ്രാർത്ഥിക്കുന്ന പതിവ് നമുക്കുണ്ട്. എന്നാൽ ഈ വർഷം കോവിഡ് പകർച്ച വ്യാധിയുടെ പശ്ചാത്തലത്തിൽ അതിന് പരിമിതികളുണ്ടല്ലോ. ഈ സാഹചര്യത്തിൽ വീടുകളിൽ പതിവുപോലെ കുടുംബാംഗങ്ങൾ എല്ലാവരും ഒരുമിച്ച് കോവിഡ് പകർച്ചവ്യാധിയിൽനിന്നും എത്രയും വേഗം മോചനം ലഭിക്കുന്നതിനായി പരിശുദ്ധ മാതാവിന്റെ മാദ്ധ്യസ്ഥ്യം യാചിച്ചുകൊണ്ട് ഒക്ടോബർ മാസം മുഴുവൻ ഭക്തിപൂർവം ജപമാല ചൊല്ലി പ്രാർത്ഥിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. കൂടാതെ, സാധിക്കുന്നവരെല്ലാം വ്യക്തിപരമായും ജപമാല ചൊല്ലി പ്രാർത്ഥിക്കുന്നത് നല്ലതാണ്. ഇടവകപള്ളിയോടനുബന്ധിച്ച് കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ജപമാല മാസാചരണം തുടരുമല്ലോ.

*Bishop*

## C.*41/2021* New Appointments

| | | |
|---|---|---|
| 1. Rev. Fr. Binoy Chathanattu CMI | - | Parish Priest, Kaithappara |
| 2. Rev. Fr. James Ezhanikattu | - | Nellimattam (Resident Priest) |
| 3. Rev. Fr. George Maleparambil | - | Mathirappilly (Resident Priest) |
| 4. Rev. Fr. James Mundolickal | - | Asst. Secratary, Corporate Educational Agency |
| 4. Rev. Fr. Mathew Kizhakkedathu | - | Notary, Eparchial Tribunal |

*Bishop*

## C.*42/2021* വൈദികരുടെ വാർഷികധ്യാനം

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഈ വർഷത്തെ വാർഷിക ധ്യാനം ഒക്ടോബർ 25 മുതൽ 29 വരെ ഓൺലൈനായി നടത്തപ്പെടുന്നു. ഒക്ടോബർ 29-ാം തീയതി ബഹു. ഫൊറോന വികാരിയച്ചന്മാർ ഫൊറോനകളിൽ വി. കുമ്പസാരത്തിനും ദിവ്യകാരുണ്യ ആരാധനയ്ക്കും സൗകര്യം ഒരുക്കേണ്ടതാണ്. ബഹു. വൈദികർ ഈ സൗകര്യം പ്രയോജനപ്പെടുത്തണമെന്ന് ഓർമ്മിപ്പിക്കുന്നു.

ധ്യാനഗുരു : റവ. ഫാ. മാത്യു കക്കാട്ടുപിള്ളിൽ VC

*Protosyncellus*

## C.*43/2021* വിവരശേഖരണം

ഇടവകകളിലെ ബഹുമാനപ്പെട്ട വൈദികരുടെയും സിസ്റ്റേഴ്സി

ന്റെയും വിവരങ്ങൾ ഉൾക്കൊള്ളുന്ന ലിസ്റ്റ് പൂർത്തിയാക്കി എത്രയും വേഗം രൂപതാക്കച്ചേരിയിൽ എത്തിക്കാൻ ശ്രദ്ധിക്കുമല്ലോ.

*Chancellor*

# മൈനർ സെമിനാരി

*MS. 22/2021* **ഫൊറോനാ വികാരിമാർ സെമിനാരിയിൽ**

നമ്മുടെ രൂപതയിലെ ഫൊറോനാ വികാരിമാർ രണ്ടു ബാച്ചുകളിലായി ആഗസ്റ്റ് 19-ാം തീയതി വ്യാഴാഴ്ചയും 25-ാം തീയതി ബുധനാഴ്ചയും മൈനർ സെമിനാരി സന്ദർശിക്കുകയും സെമിനാരി സംബന്ധമായ വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുകയും അഭിവന്ദ്യ പിതാവിനോടൊപ്പം ഉച്ചഭക്ഷണം കഴിക്കുകയും തുടർന്ന് വൈദിക വിദ്യാർത്ഥികളുമായി സംസാരിക്കുകയും ചെയ്തു.

*MS. 23/2021* **ദൈവവിളി സെമിനാർ**

നമ്മുടെ രൂപതാമൈനർ സെമിനാരിയിലേക്ക് നല്ല ദൈവവിളികൾ ലഭിക്കുക രൂപതയുടെ മുന്നോട്ടുള്ള അജപാലന പ്രവർത്തനങ്ങൾക്ക് അത്യന്താപേക്ഷിതമാണല്ലോ. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ദൈവവിളി ക്യാമ്പുകൾ സംഘടിപ്പിക്കുക എളുപ്പമല്ലല്ലോ. പൗരോഹിത്യത്തിലേക്ക് വിളിയുള്ള കുട്ടികളെ, പ്രത്യേകിച്ചും രൂപതാ വൈദികരാകാൻ ആഗ്രഹവും കഴിവുമുള്ളവരെ കണ്ടുപിടിച്ച് പ്രോത്സാഹിപ്പിക്കാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുന്നുണ്ടെന്നറിയാം.

ഇങ്ങനെയുള്ള കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു ഓൺ ലൈൻ സംഗമം നടത്താൻ ആഗ്രഹിക്കുന്നു. 8, 9, 10 ക്ലാസ്സുകളിൽ പഠിക്കുന്നവരെയും അതിനു മുകളിൽ വിദ്യാഭ്യാസ യോഗ്യതയുള്ളവരെയുമാണ് പ്രതീക്ഷിക്കുന്നത്. 2021 സെപ്തംബർ മാസം 12-ാം തീയതി ഞായറാഴ്ച വൈകുന്നേരം 6.30 മുതൽ 8.00 വരെയാണ് ഓൺലൈൻ മീറ്റിംഗ് നടത്താൻ ഉദ്ദേശിക്കുന്നത്. ഈ മീറ്റിംഗിൽ പങ്കെടുക്കുവാനുള്ള ലിങ്ക് രൂപതയുടെ വാട്ട്സ് ആപ്പ് ഗ്രൂപ്പുവഴി ബഹു. അച്ചൻമാർക്ക് നൽകുന്നതായിരിക്കും. ഓരോ ഇടവകയിലും പൗരോഹിത്യ ദൈവവിളിയോട് ആഭിമുഖ്യമുള്ള കുട്ടികളെ കണ്ടുപിടിച്ച് അവർക്കുവേണ്ട നിർദേശങ്ങൾ നൽകുമല്ലോ.

*MS. 23/2021* **തിരുനാളാഘോഷങ്ങൾ**

വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിവസമായ ആഗസ്റ്റ്

4-ാം തീയതി സെമിനാരി മുൻ റെക്ടർ ബഹു. ഫ്രാൻസിസ് ആലപ്പാട്ട് അച്ചനും, പരിശുദ്ധ മാതാവിന്റെ സ്വർഗ്ഗാരോപണതിരുനാളും ഇന്ത്യയുടെ സ്വാതന്ത്ര്യദിനവുമായ ആഗസ്റ്റ് 15-ാം തീയതി സെമിനാരി മുൻ റെക്ടർ ബഹു. ജോസഫ് മക്കോളിൽ അച്ചനും വൈദിക വിദ്യാർത്ഥികൾക്കുവേണ്ടി വിശുദ്ധ കുർബാന അർപ്പിച്ചു. ആഗസ്റ്റ് 15-ാം തീയതി വൈകുന്നേരം രണ്ടാം വർഷ വൈദികവിദ്യാർത്ഥികൾ അവതരിപ്പിച്ച കലാപരിപാടികളും ഉണ്ടായിരുന്നു.

### *MS 24/2021* സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ

| | | |
|---|---|---|
| 1 | Fr. Joseph Makkolil | ₹ 25,000.00 |
| 2 | Degaulle K. George, Velielchal | ₹ 2,000.00 |
| 3 | A benefactor from Marika | ₹ 10,000.00 |
| 4 | Babychen Abraham, Melbourne | ₹ 54359.72 |
| 5 | A benefactor | ₹ 5321.40 |
| 6 | Jomon Jose Cairns, Australia | ₹ 30,198.39 |
| 7 | A benefactor | ₹ 10,000.00 |
| 8 | Thresiamma Joseph | ₹ 25,000.00 |
| 9 | A benefactor | ₹ 5,000.00 |
| 10 | A benefactor | ₹ 10, 000.00 |
| 11 | A benefactor from Karimannoor | ₹ 25, 000.00 |
| 12 | A benefactor from Karimannoor | ₹ 25, 000.00 |
| 13 | Francis Kuriakose Kavumpuram, Karakunnam, in memory of his son Bro. Jose | ₹ 2, 000.00 |
| 14 | Oliapuram Kudumbayogam | ₹ 45, 000.00 |

*Rector*

## വിജ്ഞാനഭവൻ

### *V. 63/2021* HM, സ്റ്റാഫ് സെക്രട്ടറി മീറ്റിംഗ്

2021-2022 വർഷത്തെ HM, സ്റ്റാഫ് സെക്രട്ടറി മീറ്റിംഗ് ആഗസ്റ്റ് 7-ാം തീയതി ശനിയാഴ്ച 8.45 pm-ന് ഓൺലൈനായി ചേർന്നതിൽ 195 പേർ പങ്കെടുത്തു. അഭിവന്ദ്യ പിതാവ് ചർച്ചകളിൽ പങ്കെടുക്കുകയും സമാപനസന്ദേശം നൽകുകയും ചെയ്തു.

### *V. 64 /2021* PTA മീറ്റിംഗ്

2021-2022 വർഷത്തെ PTA മീറ്റിംഗ് ആഗസ്റ്റ് 14-ാം തീയതി ശനിയാഴ്ച 8.45 pm -ന് ഓൺലൈനായി ചേർന്നു. ഇതിൽ 190 പേർ പങ്കെടുത്തു. മോൺ. പയസ് മലേക്കണ്ടത്തിൽ ക്ലാസ്സുകൾ നയിച്ചു. അഭിവന്ദ്യ പിതാവ് സമാപന സന്ദേശം നൽകി.

### *V. 65/2021* ഒന്നാം സെമസ്റ്റർ പരീക്ഷ ഒക്ടോബർ 3-ന്

ഈ വർഷത്തെ ഒന്നാം സെമസ്റ്റർ പരീക്ഷ ഒക്ടോബർ 3 ഞായറാഴ്ചയായിരിക്കും. ഓൺലൈനായാണ് പരീക്ഷ.

ഒന്നു മുതൽ പത്തുവരെയുള്ള ക്ലാസ്സുകളിൽ ഒന്നാം പാഠം മുതൽ ഏഴാം പാഠം വരെയും XI, XII ക്ലാസ്സുകളിൽ ഒന്നു മുതൽ ആറു വരെയുള്ള പാഠങ്ങളുമാണ് ഈ പരീക്ഷയ്ക്ക് പഠിക്കേണ്ടത്. അതാതു ക്ലാസ്സുകളിൽ പഠിക്കേണ്ട വിശുദ്ധരെ സംബന്ധിച്ചും, നമസ്കാരങ്ങളെ സംബന്ധിച്ചും, ബൈബിൾ ഭാഗങ്ങളിൽ നിന്നും, പൊതുവിജ്ഞാനത്തിൽ നിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കും.

ഫയൽ ചെയ്യാനുള്ളതും അദ്ധ്യാപകർക്ക് ഉപയോഗിക്കാനുള്ളതുമായ ചോദ്യപേപ്പറുകൾ ഒക്ടോബർ 2-ാം തീയതി മേഖലാകേന്ദ്രങ്ങളിൽനിന്ന് ലഭിക്കുന്നതാണ്. പരീക്ഷ എഴുതി കഴിഞ്ഞാൽ എഴുതിയ പേപ്പറിന്റെ ഫോട്ടോ എടുത്ത് അദ്ധ്യാപകർക്ക് അയച്ച് കൊടുക്കണം. സാധിക്കുന്നതും നേരത്തെ ഉത്തരക്കടലാസ്സുകൾ അദ്ധ്യാപകരെ ഏല്പിക്കുകയും ചെയ്യുക.

| | | |
|---|---|---|
| Class | V - VIII | - 9.00 am - 11.00 am |
| | I - IV | - 12.00 noon - 2.00 pm |
| | IX - XII | - 02.00 pm - 04.00 pm |

ചോദ്യങ്ങൾ അര മണിക്കൂർ മുമ്പ് PDF ആയി വിജ്ഞാനഭവൻ ഗ്രൂപ്പിൽ ഇടുന്നതാണ്.

**1 മുതൽ 12 വരെ ക്ലാസ്സുകളിലെ കുട്ടികളുടെ മാർക്ക് നവംബർ 18-ന് മുമ്പ് സൈറ്റിൽ എന്റർ ചെയ്യണം.**

### *V. 66/2021* ടീച്ചേഴ്സ് സെമിനാർ

നാല് ആഴ്ചകളിലായി രൂപതയിലെ മുഴുവൻ അദ്ധ്യാപകർക്കും ടീച്ചേഴ്സ് സെമിനാർ നടത്തുന്നു. ശനിയാഴ്ചകളിൽ രാത്രി 8.00 മണി മുതൽ 9.00 മണി വരെയുള്ള സമയത്തായിരിക്കും നടത്തുക.

| | | |
|---|---|---|
| 04-09-2021 | - X, XI, XII | ക്ലാസ്സുകൾ |
| 11-09-2021 | - VII, VIII, IX | ,, |
| 18-09-2021 | - IV, V, VI | ,, |
| 25-09-2021 | - B.N., I, II, III | ,, |

*V. 67/2021* **J.O.Y. (Jesus is Online with You (സ്റ്റുഡന്റ്സ് സെമിനാർ)**

സെപ്തംബർ 5 മുതൽ എല്ലാ ഞായറാഴ്ചയും രാത്രി 8.00 മുതൽ 9.00 വരെ രൂപതാ തലത്തിൽ zoom പ്ലാറ്റ്ഫോമിൽ ഓരോ ക്ലാസ്സുകാരെ ഒരുമിച്ചുകൂട്ടുകയാണ്. സെപ്തംബർ 5-ന് നമ്മുടെ രൂപതയിലെ പതിനൊന്നാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികളാണ് ഒരുമിച്ചുകൂടുന്നത്. കുട്ടികളുടെ പ്രായത്തിനും വിശ്വാസജീവിതത്തിനും ഏറെ സഹായകരമായ വിഷയങ്ങളാണ് ചർച്ച ചെയ്യുക. ആക്ടിവിറ്റികൾ ഉണ്ടായിരിക്കും. അവ Internal മാർക്കിന് പരിഗണിക്കുന്നതാണ്.

| | | |
|---|---|---|
| 05-09-2021 - XI | 12-09-2021 - X | 19-09-2021 - IX |
| 26-09-2021 - VIII | 03-10-2021 - VII | 10-10-2021 - VI |
| 17-10-2021 - V | 24-10-2021 - XII | 31-10- 2021 - IV |
| 07-11-2021 - III | 14-11-2021 - II | 21-11-2021 - I |
| 28-11-2021 - Bible Nursery | | |

*V. 68/2021* **കുട്ടികളുടെ കോൺട്രിബ്യൂഷൻ**

കുട്ടികളുടെ കോൺട്രിബ്യൂഷൻ തരാത്തവർ എത്രയുംവേഗം തരുമല്ലോ.

*V. 69/2021* **വിശ്വാസപരിശീലകർക്കുള്ള ക്വിസ് മത്സരം - ഒക്ടോബർ 10**

വിശ്വാസപരിശീലകർക്കുള്ള ക്വിസ് മത്സരം ഒക്ടോബർ 10-ാം തീയതി ഞായറാഴ്ച ആണ്. കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം 781 മുതൽ 1065 വരെയുള്ള നമ്പറുകൾ, 'വഴിതെറ്റാത്ത വിശ്വാസം', 'വിശ്വാസവഴിയിലെ സംശയങ്ങൾ' 4, 5, 6 എന്നിവയാണ് പാഠഭാഗങ്ങൾ. ഉപപാഠപുസ്തകത്തിലെ പൊതുവിജ്ഞാനത്തിൽനിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കും.

**ഇടവകതലം** : **2021 ഒക്ടോബർ 10 ഞായർ**
**സമയം** : **11.00 am - 12.00 noon** (അതാത് ഇടവകകളിൽ).
**രൂപതാതലം** : **2021 ഡിസംബർ 11 ശനി**
**സമയം** : **10.30 am - 12.00 noon**
**സ്ഥലം** : **വിജ്ഞാനഭവൻ കേന്ദ്രം**

ഇടവകതലത്തിൽ നടത്തുന്ന പരീക്ഷയുടെ ഉത്തരക്കടലാസ്സുകൾ മൂല്യനിർണ്ണയം നടത്തി എല്ലാ അദ്ധ്യാപകരുടെയും ഉത്തരക്കടലാസുകളും മാർക്ക് ലിസ്റ്റും, ഒക്ടോബർ 18-ാം തീയതി (18-ാം തീയതി മാത്രം) മേഖലാകേന്ദ്രത്തിൽ എത്തിക്കണം. രൂപതാകേന്ദ്രത്തിൽ മറ്റു ദിവസങ്ങളിലും എത്തിക്കാവുന്നതാണ്. ബഹു. സിസ്റ്റേഴ്സിനും അല്മായാദ്ധ്യാപകർക്കും പ്രത്യേകമായിട്ടാണ് സമ്മാനങ്ങൾ നൽകുന്നത്. ചോദ്യപേപ്പറുകൾ ഒന്നാം സെമസ്റ്റർ പരീക്ഷയുടെ ചോദ്യപേപ്പറിന്റെ കൂടെ ലഭിക്കുന്നതാണ്. ചോദ്യപേപ്പറുകൾ വികാരിയച്ചനെ ഏല്പിക്കേണ്ടതാണ്. മാർക്കുകൾ സൈറ്റിൽ എന്റർ ചെയ്യുകയും പ്രിന്റെടുത്ത് ഉത്തരക്കടലാസിന്റെ കൂടെ വയ്ക്കുകയും ചെയ്യേണ്ടതാണ്.

*V. 70/2021* **വിശ്വാസപരിശീലകർക്കുള്ള ലേഖനമത്സരം**

**"വിശ്വാസപരിശീലനത്തിലൂടെ വിശ്വാസാനുഭവത്തിലേക്ക്"** എന്നതായിരിക്കും ലേഖനവിഷയം. ലേഖനം 15 പേജിൽ കവിയരുത്. ലേഖനങ്ങൾ രൂപതാ ഓഫീസിൽ എത്തിക്കേണ്ട അവസാനതീയതി ഒക്ടോബർ 30 ആണ്. ബഹു. സിസ്റ്റേഴ്സിനും അല്മായാദ്ധ്യാപകർക്കും പ്രത്യേകമായിട്ടാണ് മത്സരം നടത്തുന്നത്.

*V. 71/2021* **കവിതാരചന**

വിഷയം : **"വിശ്വാസപരിശീലനത്തിലൂടെ വിശ്വാസാനുഭവത്തിലേക്ക്."** ഹൈസ്കൂൾ, ഹയർസെക്കന്ററി തലത്തിലുള്ള വേദപാഠ ക്ലാസ്സുകളിലെ കുട്ടികൾക്കുവേണ്ടിയാണ് മത്സരം നടത്തുന്നത്. കവിതകൾ A4 size പേപ്പറിൽ രണ്ട് പേജിൽ കവിയാൻ പാടില്ല. (40/50 വരികൾ എന്ന് നിജപ്പെടുത്തിയിരിക്കുന്നു.)

- കവിതകൾ ഒക്ടോബർ 30-ന് മുമ്പ് വിജ്ഞാനഭവൻ ഓഫീസിൽ എത്തിക്കണം.
- രചനകൾ അയയ്ക്കുന്നവരുടെ കൃത്യമായ വിലാസം, പഠിക്കുന്ന ക്ലാസ്സ് എന്നിവ മറ്റൊരു പേപ്പറിലെഴുതി പിൻ ചെയ്യാൻ മറക്കരുത്.
- തിരഞ്ഞെടുക്കപ്പെടുന്ന കവിതകൾക്ക് സമ്മാനങ്ങൾ നല്കുന്ന

താണ്.

*V. 72/2021* **വിശ്വാസപരിശീലന രംഗത്ത് 10, 15, 20, 25, 30, 35, 40, 45, 50 വർഷം പൂർത്തിയാക്കുന്നവർ**

വിശ്വാസപരിശീലന രംഗത്ത് 10, 15, 20, 25, 30, 35, 40, 45, 50 വർഷം പൂർത്തിയായവർ സൈറ്റിൽ നിന്നും പ്രിന്റെടുത്ത് അദ്ധ്യാപക ക്വിസ്സിന്റെ ഉത്തരക്കടലാസിനൊപ്പം തരേണ്ടതാണ്. പിന്നീട് കിട്ടുന്നത് ദൈവരാജ്യത്തിൽ ചേർക്കുവാൻ സാധിക്കുന്നതല്ല.

സർവീസ് ബുക്കിന്റെ കോപ്പി ഇല്ലാത്തവ സ്വീകരിക്കുന്നതല്ല. സർവീസ് ബുക്കിന്റെ കോപ്പിയിൽ ഫോട്ടോ പതിച്ച പേജ്, വികാരിയച്ചൻ ഒപ്പിട്ട പേജ് എന്നിവ ഉണ്ടായിരിക്കണം.

NB: പ്രിന്റ് എടുത്ത് തരുന്ന പേപ്പറിൽ വികാരിയച്ചന്റെ ഒപ്പ് വേണം.

*V. 73/2021* **ഓർഡർ ഫോം**

വിശ്വാസോത്സവം, സൺഡേ സ്കൂൾ, ഉപപാഠം, ബൈബിൾ നേഴ്സറി എന്നീ പുസ്തകങ്ങളുടെ ഓർഡർ ഫോം സൈറ്റിൽ Enter ചെയ്യേണ്ട അവസാന തീയതി ഒക്ടോബർ 30 ആണ്. പ്രിന്റ് വിജ്ഞാനഭവൻ ഓഫീസിൽ എടുക്കുന്നതാണ്.

ഉപപാഠപുസ്തകം, ബൈബിൾ നേഴ്സറി, വിശ്വാസോത്സവം എന്നീ പുസ്തകങ്ങൾക്ക് മാറ്റം ഉണ്ടായിരിക്കുന്നതാണ്. **മുഴുവൻ കുട്ടികളുടെയും എണ്ണമനുസരിച്ച് ഓർഡർ നൽകേണ്ടതാണ്.**

*V. 74/2021* **വി. കുർബാനയുടെ നവീകരിച്ച തക്സ, കുർബാന പുസ്തകം**

വി. കുർബാനയുടെ നവീകരിച്ച തക്സയും ജനങ്ങളുടെ ഉപയോഗത്തിനുള്ള കുർബാന പുസ്തകവും കാക്കനാട് മൗണ്ട് സെന്റ് തോമസിലെ ലിറ്റർജി കമ്മീഷൻ ഓഫീസിൽ ഉടൻ ലഭ്യമാകുന്നതാണ്. വിജ്ഞാനഭവൻ ബുക്ക്സ്റ്റാളിൽ വിളിച്ച് ഓർഡർ നൽകുക. ഫോൺ: 9497031873

*V. 75/2021* **വിജ്ഞാനഭവൻ ബുക്ക് സ്റ്റാൾ**

ആദ്യകുർബാനസ്വീകരണ പുസ്തകം, കുർബാന പുസ്തകം, പോക്കറ്റ് ബൈബിൾ, സൺഡേ സ്കൂൾ ബാഗ്, കൊന്ത, വെന്തിങ്ങ, സി.ഡി., ഗ്ലോബ്, കാസ, ഗിഫ്റ്റ് ഐറ്റംസ്, പ്രമുഖ പ്രസാധകരുടെ

പുസ്തകങ്ങൾ എന്നിവ മിതമായ നിരക്കിൽ ലഭ്യമാണ്.

*V. 76/2021* **സ്വാഗതം**

വിജ്ഞാനഭവനിൽ റീജൻസി ചെയ്യുന്നതിനായി നിയമിതനായിരിക്കുന്ന ബ്ര. എബി ചെമ്പരത്തിക്ക് സ്നേഹപൂർവ്വമായ സ്വാഗതം ആശംസിക്കുന്നു.

*Director*

# കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി

*Edn.20/2021* **WANTED LIBRARIAN**

Applications are invited from qualified candidates for appointment to the post of **UGC Librarian** (1 Post) against existing vacancy in the colleges (Nirmala College, Muvattupuzha and Newman College, Thodupuzha) under the Corporate Educational Agency, Diocese of Kothamangalam within one month from the date of this Notification. Age, Qualifications are as per the rules and regulation of the UGC/University/Government. Application forms can be had from the Office of Corporate Educational Agency, Diocese of Kothamangalam 686691, on payment of Rs. 1000/- or DD for Rs. 1050 /- drawn in favor of the Secretary, Corporate Educational Agency, Diocese of Kothamangalam.

*Manager*

*Edn. 21/2021* **മെയിന്റനൻസ് ഗ്രാന്റ്**

2021-22-ലെ മെയിന്റൻസ് ഗ്രാന്റിനുള്ള അപേക്ഷയും അനുബന്ധ രേഖകളും 3 കോപ്പി (ഓഡിറ്റ് റിപ്പോർട്ട്, രജിസ്റ്റർ, പ്രോപ്പർട്ടി സ്റ്റേറ്റ്മെന്റ്, ഫിറ്റനസ് സർട്ടിഫിക്കറ്റ് കോപ്പി തുടങ്ങിയവ) 15-09-2021-ന് മുമ്പ് ഈ ഓഫീസിൽ എത്തിക്കേണ്ടതും നടപടികൾ പൂർത്തിയാക്കി കൃത്യസമയത്തുതന്നെ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസുകളിൽ സമർപ്പിക്കേണ്ടതുമാണ്.

*Edn.22/2021* **റവ. ഫാ. ജോസഫ് പുത്തൻകുളം മെമ്മോറിയൽ സ്കോളർഷിപ്പ്**

വിദ്യാഭ്യാസ രംഗത്ത് സ്തുത്യർഹമായ സേവനം നൽകിയിട്ടുള്ള ബഹു. ജോസഫ് പുത്തൻകുളം അച്ചന്റെ ഓർമ്മയ്ക്കായി, ബഹു.

ജോസഫ് പുത്തൻകുളം മെമ്മോറിയൽ ചാരിറ്റബിൾ ട്രസ്റ്റ് ഏർപ്പെടുത്തിയിട്ടുള്ള സ്കോളർഷിപ്പ് (₹ 10,000) ഈ വർഷവും നൽകുന്നു. ബഹു. ജോസഫ് അച്ചന്റെ ചരമവാർഷികദിനമായ ഒക്ടോബർ 2-ന് ആയിരിക്കും പ്രസ്തുത സ്കോളർഷിപ്പ് നല്കുന്നത്. ബഹു. വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടുകൂടിയ അപേക്ഷകൾ രൂപത വിദ്യാഭ്യാസ സെക്രട്ടറിക്ക് സെപ്തംബർ 20-ന് മുമ്പ് നൽകേണ്ടതാണ്. അപേക്ഷാഫോം രൂപതാ വിദ്യാഭ്യാസ ഓഫീസിൽനിന്നും ലഭിക്കുന്നതാണ്.

*Edn.23/2021* **ബഹു. ഫാ. ജോൺ വള്ളമറ്റം, ബഹു. ഫാ. ജോസഫ് പുത്തൻകുളം അനുസ്മരണം**

കോതമംഗലം, ഇടുക്കി രൂപതകളിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കാനും വളർത്താനും അത്യദ്ധ്വാനം ചെയ്തിട്ടുള്ള ബഹു. ജോൺ വള്ളമറ്റം അച്ചനും (19-09-2005), ബഹു. ജോസഫ് പുത്തൻകുളം അച്ചനും (02-10-2005) നമ്മോടു വിട പറഞ്ഞിട്ട് 16 വർഷം പൂർത്തിയാവുകയാണ്. ബഹുമാനപ്പെട്ട അച്ചന്മാരെ അനുസ്മരിച്ച് പ്രാർത്ഥിക്കാൻ അധ്യാപകർ/അനദ്ധ്യാപകർ ശ്രദ്ധിക്കുമല്ലോ.

*Edn.24/2021* **സ്വാഗതം**

എഡ്യൂക്കേഷണൽ ഏജൻസിയിൽ റീജൻസി ചെയ്യുന്നതിനായി നിയമിതനായിരിക്കുന്ന ബ്ര. സ്കറിയ അറയ്ക്കലിന് സ്നേഹപൂർവ്വമായ സ്വാഗതം ആശംസിക്കുന്നു.

*Secretary*

## നിർമ്മല സിവിൽ സർവീസ് അക്കാദമി

*NiCSA.5 /2021* **സ്കൂൾ അദ്ധ്യാപകർക്ക് ഓറിയന്റേഷൻ സെമിനാർ നടത്തി**

നമ്മുടെ രൂപതയിലെ ഹയർ സെക്കന്ററി, ഹൈസ്കൂൾ വിഭാഗത്തിലെ തല്പരരായ അദ്ധ്യാപകർക്ക്, വിദ്യാർത്ഥികളിൽ സിവിൽ സർവീസ് അഭിരുചി വളർത്തിയെടുക്കുന്നതിനായി ഓൺലൈൻ ഓറിയന്റേഷൻ സെമിനാർ ആഗസ്റ്റ് 5-ാം തീയതി നടത്തി. സംസ്ഥാന അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. ടി. കെ. ജോസ് ഐ.എ.എസ്. സെമി

നാർ നയിച്ചു. അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് സന്ദേശം നൽകി. വികാരി ജനറാൾ മോൺ. പയസ് മലേക്കണ്ടത്തിൽ, എഡ്യൂക്കേഷൻ സെക്രട്ടറി ഫാ. മാത്യു മുണ്ടയ്ക്കൽ എന്നിവർ സംസാരിച്ചു.

*NiCSA.6 /2021* **MCP (Mains Cum Prelims)ക്ലാസ്സുകൾ ആരംഭിച്ചു**

സിവിൽ സർവീസ് പരീക്ഷയ്ക്കുള്ള ഒരു വർഷ ഫുൾടൈം കോഴ്സ് ആഗസ്റ്റ് 6-ാം തീയതി ആരംഭിച്ചു. വികാരി ജനറാൾ മോൺ. പയസ് മലേക്കണ്ടത്തിൽ ആദ്യ ക്ലാസ്സ് എടുത്ത് ഉദ്ഘാടനം ചെയ്തു.

*NiCSA.7 /2021* **പി.ജി/ഡിഗ്രി പഠനത്തോടൊപ്പം സിവിൽ സർവീസ് പരിശീലനം**

നിർമ്മല സിവിൽ സർവീസ് അക്കാദമിയും ഡൽഹി ALS IAS അക്കാദമിയും സംയുക്തമായി പി.ജി, ഡിഗ്രി വിദ്യാർത്ഥികൾക്കായി വാരാന്ത്യ സിവിൽ സർവീസ് പ്രവേശന പരിശീലനം നടത്തുന്നു. ഒരു വർഷം/രണ്ട് വർഷം എന്ന രീതിയിൽ അഡ്മിഷൻ എടുക്കാവുന്നതാണ്. വിദഗ്ദ്ധർ നയിക്കുന്ന ക്ലാസ്സുകൾ, സിവിൽ സർവീസ് ഉദ്യോഗസ്ഥരുമായുള്ള ചർച്ചകൾ എന്നിവ കോഴ്സിന്റെ ഭാഗമാണ്. സെപ്റ്റംബർ 10-ാടു കൂടി അഡ്മിഷൻ അവസാനിക്കും. നമ്മുടെ മിടുക്കരായ കുട്ടികളെ ഇതിലേക്ക് പറഞ്ഞയയ്ക്കുമല്ലോ.

കൂടുതൽ വിവരങ്ങൾക്കായി വിളിക്കേണ്ട നമ്പർ: 7907119072

*NiCSA.8 /2021* **ഹൈസ്കൂൾ/ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് സിവിൽ സർവീസ് പരിശീലനം**

സിവിൽ സർവീസ് അഭിരുചി കുട്ടികളിൽ ചെറുപ്പത്തിലേ വളർത്തിയെടുക്കുക എന്ന ലക്ഷ്യവുമായി 9-12 ക്ലാസ്സുവരെയുള്ള കുട്ടികൾക്ക് പരിശീലനം നൽകുന്നു. രണ്ടാം ശനി, പൊതു അവധി ദിവസങ്ങൾ എന്നീ ദിവസങ്ങളിലാണ് ക്ലാസ്സ് ക്രമീകരിച്ചിരിക്കുക. പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിലായിരിക്കും കുട്ടികളെ കോഴ്സിന് തിരഞ്ഞെടുക്കുക.

കൂടുതൽ വിവരങ്ങൾക്കായി വിളിക്കേണ്ട നമ്പർ: 7907119072

*Administrator*

# സോഷ്യൽ സർവീസ്

## *SS. 42/2021* SUDHIR പ്രോജക്ട്

കോവിഡ് കാലത്ത് കുടുംബങ്ങൾക്കു സമാശ്വാസം നൽകുന്ന 'സുധീർ' പ്രോജക്ട് കോതമംഗലം രൂപതയിൽ പ്രവർത്തനം ആരംഭിച്ചു. ഇതിന്റെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ട 35 വോളന്റിയേഴ്സിന് ഓൺലൈൻ പരിശീലനം നൽകി. ഈ പ്രോജക്ട് വഴി രൂപതയിലെ 15000 കുടുംബങ്ങളെ ഫോൺവഴി വോളന്റിയേഴ്സ് ബന്ധപ്പെട്ടു.

## *SS. 43/2021* റീജിയണൽ കോ-ഓർഡിനേറ്റർ

കോതമംഗലം, മൂവാറ്റുപുഴ, എറണാകുളം-അങ്കമാലി രൂപതകളുടെ സുധീർ പ്രോജക്ട് റീജിയണൽ കോ-ഓർഡിനേറ്ററായി കോതമംഗലം സോഷ്യൽ സർവീസ് സൊസൈറ്റി പ്രോഗ്രാം കോ-ഓർഡിനേറ്റർ ശ്രീ. ജോൺസൺ കെ. യു. നിയമിതനായി.

## *SS. 44/2021* NURTURE പ്രോജക്ട്

'പ്രകൃതി സംരക്ഷണം നമ്മുടെ കടമ' എന്ന മാർപാപ്പയുടെ Laudato Si എന്ന ചാക്രിക ലേഖനത്തിലെ ആശയത്തെ അടിസ്ഥാനമാക്കി ആവിഷ്ക്കരിച്ചിട്ടുള്ള പ്രോജക്ടാണ് NURTURE. ഈ പ്രോജക്ട് പ്രകാരം ജൈവകൃഷി പ്രോത്സാഹനം, നൂതന കൃഷിരീതികൾ, ഈഡൻ ഗാർഡൻ, ഗ്രീൻ ഓഡിറ്റിംഗ് തുടങ്ങിയവ നടപ്പിലാക്കും. അതോടൊപ്പം ജൈവകീടനാശിനികളുടെയും വളത്തിന്റെയും നിർമ്മാണപരിശീലനവും നടത്തും.

## *SS. 45/2021* NURTURE പ്രോജക്ട് ഉദ്ഘാടനം

കേരള സോഷ്യൽ സർവീസ് ഫോറത്തിന്റെ നേതൃത്വത്തിൽ കേരളത്തിലെ മുഴുവൻ രൂപതകളിലും നടപ്പിലാക്കുന്ന NURTURE പ്രോജക്ടിന്റെ ഉദ്ഘാടനം മാനന്തവാടി രൂപത ബിഷപ് മാർ ജോസ് പൊരുന്നേടം മാനന്തവാടി സോഷ്യൽ സർവീസ് സൊസൈറ്റിയിൽ വച്ച് നിർവഹിച്ചു. തുടർന്ന് മലബാർ റീജിയണിലെ രൂപതകൾക്കുള്ള ദ്വിദിന പരിശീലനവും സംഘടിപ്പിച്ചു. ഉദ്ഘാടനത്തിലും പരിശീലനത്തിലും NURTURE പ്രോജക്ടിന്റെ സ്റ്റേറ്റ് റിസോഴ്സ് പേഴ്സൺ കൂടിയായ ശ്രീ. ജോൺസൺ കെ.യു. കോതമംഗലം സോഷ്യൽ സർവീസ് സൊസൈറ്റിയിൽനിന്നും പങ്കെടുത്തു.

### *SS. 46/2021* ക്രെഡിറ്റ് യൂണിയൻ ഓഡിറ്റിംഗ്

ക്രെഡിറ്റ് യൂണിയനുകളുടെ ഓഡിറ്റിംഗ് ആരംഭിച്ചിരിക്കുകയാണ്. ഓരോ ക്രെഡിറ്റ് യൂണിയനും റിക്കാർഡുകൾ എഴുതി പൂർത്തിയാക്കി സൗകര്യപ്രദമായ തീയതിയിൽ ഓഡിറ്റിംഗ് പൂർത്തിയാക്കേണ്ടതാണ്. ഓഡിറ്റിംഗിനായി ശ്രീ. ടോമി കൈതവേലിൽ (9447918061), ശ്രീ. ഷിനോ മോളത്ത് (9446212873) എന്നിവരെ KSSS ചുമതലപ്പെടുത്തിയിട്ടുണ്ട്. യൂണിറ്റുകൾ ഇവരെ കോൺടാക്റ്റ് ചെയ്ത് ഓഡിറ്റിംഗ് പൂർത്തീകരിക്കണം. ഓഡിറ്റിംഗ് കഴിയുമ്പോൾ 2021 ഏപ്രിൽ മുതലുള്ള മാസറിപ്പോർട്ടിന്റെ കോപ്പികളും ഓഡിറ്റിംഗ് ഷീറ്റിന്റെ കോപ്പിയും ഓഡിറ്ററെ ഏല്പിക്കണം. ഓഡിറ്റർ അത് KSSS ഡയറക്ടർക്ക് കൈമാറേണ്ടതാണ്.

### *SS. 47/2021* Fertigation സാങ്കേതികവിദ്യ

തൈകളും മരങ്ങളും നടുന്നതിന് വേരുകൾ അടിസ്ഥാനമാക്കിയുള്ള വളപ്രയോഗം നടത്തുന്ന നൂതന സാങ്കേതികവിദ്യയാണ് Fertigation. ഇതനുസരിച്ചുള്ള പദ്ധതിയുടെ ഒരു മോഡൽ ബിഷപ്സ് ഹൗസ് ക്യാമ്പസിൽ സ്ഥാപിക്കുകയുണ്ടായി. Fertigation മോഡൽ തൈനടീൽ ഉദ്ഘാടനം ബിഷപ്പ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ നിർവഹിച്ചു.

### *SS. 48/2021* ചുമതലയേറ്റു

കോതമംഗലം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ അസിസ്റ്റന്റ് ഡയറക്ടറായി ഫാ. ആന്റണി മാളിയേക്കൽ ചുമതലേറ്റു. KSSS ഡയറക്ടർ ഫാ. സിറിയക് ഞാളൂരും സ്റ്റാഫ് അംഗങ്ങളും ചേർന്ന് അച്ചന് സ്വീകരണം നൽകി.

### *SS. 49/2021* NURTURE പ്രോജക്ട് എറണാകുളം മേഖല പരിശീലനം

പ്രകൃതിസംരക്ഷണം നമ്മുടെ കടമ എന്ന ലക്ഷ്യവുമായി KSSF നടപ്പാക്കുന്ന NURTURE പ്രോജക്ടിന്റെ എറണാകുളം മേഖല പരിശീലനം എറണാകുളം വെൽഫയർ സൊസൈറ്റിയിൽ വച്ച് നടത്തുകയുണ്ടായി. കോതമംഗലം രൂപതയിൽ നിന്നും അസി. ഡയറക്ടർ ഫാ. ആന്റണി മാളിയേക്കൽ ഉൾപ്പെടെ 6 പേർ പങ്കെടുത്തു.

*SS. 50/2021* **KSSS ഫോൺ നമ്പറുകൾ**

| | |
|---|---|
| ഡയറക്ടർ (KSSS & CARE A FAMILY) | 8075418024 |
| അസി. ഡയറക്ടർ | 9645733355 |
| KSSS OFFICE | 8281358142 |
| CARE A FAMILY OFFICE | 9446720122 |

*Director*

# ചെറുപുഷ്പ മിഷൻലീഗ്

*CML 53/2021* **Anointed to lead**

ആഗസ്റ്റ് 8-ന് ഗൂഗിൾ മീറ്റിലൂടെ കോതമംഗലം രൂപതയിലെ നവവൈദികരുടെയും അവരുടെ മാതാപിതാക്കളുടെയും സംഗമം നടത്തി. അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് മുഖ്യാതിഥി ആയിരുന്നു. 200-ൽ അധികംപേർ ഈ മീറ്റിംഗിൽ പങ്കെടുത്തു. വൈദികർ തങ്ങളുടെ അനുഭവങ്ങൾ പങ്കുവെച്ചു. വികാരി ജനറാൾ മോൺ. പയസ് മലേക്കണ്ടത്തിൽ, മൈനർ സെമിനാരി റെക്ടർ റവ. ഡോ. മാത്യു കൊച്ചുപുരയ്ക്കൽ എന്നിവർ സന്നിഹിതരായിരുന്നു.

*CML 54/2021* **കോതമംഗലം രൂപതയ്ക്ക് അഭിമാനം**

2019-2020 പ്രവർത്തന വർഷത്തിലെ സംസ്ഥാനതല വിലയിരുത്തലിൽ കോതമംഗലം രൂപതയും കോതമംഗലം, മുവാറ്റുപുഴ മേഖലകളും തൊടുപുഴ, കോതമംഗലം, ആനിക്കാട്, രണ്ടാർ, മാറിക, ആരക്കുഴ ശാഖകളും മിഷൻ ഗോൾഡൻ സ്റ്റാർ അവാർഡ് കരസ്ഥമാക്കി. നേര്യമംഗലം ശാഖ മിഷൻ സിൽവർ സ്റ്റാറും കരിമണ്ണൂർ ശാഖ മിഷൻ സ്റ്റാറും നേടി. അഭിനന്ദനങ്ങൾ.

*CML 55/2021* **സ്റ്റാർസ് മീറ്റ്**

2019-20 പ്രവർത്തന വർഷത്തിൽ സംസ്ഥാന തലത്തിൽ അംഗീകാരം നേടിയ മേഖലകളുടെയും ശാഖകളുടെയും രൂപതാസമിതിയുടെയും സംയുക്ത സംഗമമായ സ്റ്റാർസ് മീറ്റ് ആഗസ്റ്റ് 14 -നു ഗൂഗിൾ മീറ്റിലൂടെ ചേർന്നു. അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് മീറ്റിംഗിൽ പങ്കെടുക്കുകയും വിജയികളായവരെ അഭിനന്ദിക്കുകയും ചെയ്തു.

*CML 56/2021* **Family Time**

കോവിഡ് കാലഘട്ടത്തിലെ വെല്ലുവിളികളെ അതിജീവിക്കുക എന്ന ലക്ഷ്യത്തോടെ ചെറുപുഷ്പ മിഷൻലീഗ് കോതമംഗലം രൂപത മുന്നോട്ടു വയ്ക്കുന്ന ആശയമാണ് FAMILY TIME. രൂപതയിലെ 112 ശാഖകളും 8 മേഖലകളും ഓൺലൈനായോ നേരിട്ടോ സന്ദർശിക്കുന്ന ഈ മുന്നേറ്റം തുടർന്നുകൊണ്ടിരുന്നു.

ആഗസ്റ്റ് മാസത്തിൽ കോതമംഗലം, നെടിയകാട്, മുണ്ടൻമുടി, വണ്ണപ്പുറം, പെരുമ്പിള്ളിച്ചിറ, നെല്ലിമറ്റം, കോടിക്കുളം, മുള്ളരിങ്ങാട്, പുറപ്പുഴ, പുന്നമറ്റം, ഞാറക്കാട്, പൊന്നന്താനം, തെന്നത്തൂർ, വിജ്ഞാനമാത, കടവൂർ, പൈങ്ങോട്ടൂർ, ഏഴല്ലൂർ, കൊടുവേലി ശാഖകൾ ഓൺലൈനായും മലയിഞ്ചി, കാളിയാർ, പഴമ്പിള്ളിച്ചാൽ, നെടുങ്ങപ്ര, പരിശക്കല്ല്, മുടവൂർ, മാറിക, മുതലക്കോടം എന്നീ ശാഖകളും കാളിയാർ, മുതലക്കോടം മേഖലകളും രൂപതാ കുടുംബം സന്ദർശനം നടത്തി.

*CML 57/2021* **രൂപതാതല കുഞ്ഞേട്ടൻ അനുസ്മരണം**

കുഞ്ഞേട്ടന്റെ പന്ത്രണ്ടാമത് ചരമവാർഷികത്തോട് അനുബന്ധിച്ച് രൂപതാതല കുഞ്ഞേട്ടൻ അനുസ്മരണ പരിപാടികൾ ആഗസ്റ്റ് 11-നു യൂട്യൂബ് മുഖേന സംപ്രേഷണം ചെയ്തു. കാളിയാർ മേഖല നേതൃത്വം നൽകി.

രൂപത എക്സിക്യൂട്ടീവും രൂപത മാനേജിംഗ് കമ്മിറ്റിയും സംയുക്തമായി ഗൂഗിൾ മീറ്റിൽ ഒന്നുചേർന്ന് കുഞ്ഞേട്ടൻ അനുസ്മരണം നടത്തി. മുൻ സംസ്ഥാന പ്രസിഡന്റും ഇപ്പോൾ ദേശീയ ഭാരവാഹിയുമായ ശ്രീ. ബെന്നി മുത്തനാട്ട് കുഞ്ഞേട്ടനെ അനുസ്മരിച്ച് സംസാരിച്ചു.

*CML 58/2021* **സംസ്ഥാന ഭാരവാഹികൾ**

2021-24 കാലഘട്ടത്തിലെ സംസ്ഥാന ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് ആഗസ്റ്റ് 19-നു ഗൂഗിൾ മീറ്റ് വഴി നടന്നു. നമ്മുടെ രൂപതാംഗങ്ങളായ ശ്രീ. അരുൺ ജോസ്, ശ്രീ. ഷിനോ തോമസ് എന്നിവർ യഥാക്രമം സംസ്ഥാന ജനറൽ ഓർഗനൈസർ, ദേശീയ നിർവാഹക സമിതി അംഗം എന്നീ സ്ഥാനങ്ങളിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. അഭിനന്ദനങ്ങൾ.

## *CML 59/2021* രൂപത ജോയിന്റ് ഡയറക്ടേഴ്സ് മീറ്റ്

രൂപതാതല ജോയിന്റ് ഡയറക്ടേഴ്സ് മീറ്റ് ആഗസ്റ്റ് എട്ടാം തീയതി ഉച്ചകഴിഞ്ഞ് 3.30-ന് ഗൂഗിൾ മീറ്റിലൂടെ നടന്നു. രൂപതാ വികാരി ജനറൽ മോൺ. പയസ് മലേക്കണ്ടത്തിൽ അച്ചൻ ഈ മീറ്റിംഗിൽ മുഖ്യാതിഥിയായിരുന്നു. 90-ലധികം ജോയിന്റ് ഡയറക്ടർമാർ പങ്കെടുത്തു.

## *CML 60/2021* രൂപതാതല റീജിയണൽ സംഗമം

രൂപതയിലെ എല്ലാ ശാഖാ മേഖലാ ഭാരവാഹികളുടെയും റീജിയണൽ തലത്തിലുള്ള സംഗമം ആഗസ്റ്റ് 28, 29 തീയതികളിലായി ഗൂഗിൾ മീറ്റിലൂടെ നടന്നു. അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് പങ്കെടുത്തു. ചെറുപുഷ്പ മിഷൻ ലീഗ് കോതമംഗലം രൂപത മുൻ പ്രസിഡന്റ് ശ്രീ. ജിബിൻ മാത്യു  കുട്ടികൾക്ക് ക്ലാസ്സുകൾ നയിച്ചു. നാല് റീജിയണൽ സംഗമങ്ങളിലായി എണ്ണൂറിലധികം ഭാരവാഹികൾ പങ്കെടുത്തു.

## *CML 61/2021* വൈദികദിനാഘോഷം

ഇടവക മധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ച് രൂപതയിലെ എല്ലാ വൈദികർക്കും ഓൺലൈൻ ആശംസാ പോസ്റ്റുകൾ അയച്ചു. അഭിവന്ദ്യ രൂപതാധ്യക്ഷനെ നേരിൽ കണ്ട് ആശംസകൾ അറിയിച്ചു.

## *CML 62/2021* രൂപത മാനേജിംഗ് കമ്മിറ്റി

ആഗസ്റ്റ് 15 ഉച്ചകഴിഞ്ഞ് 2-ന് ഗൂഗിൾ മീറ്റിലൂടെ രൂപതാ മാനേജിംഗ് കമ്മിറ്റി ചേർന്നു. മിഷൻ ലീഗ് മുൻ രൂപത ഡയറക്ടറും ഇപ്പോഴത്തെ വികാരി ജനറാളുമായ മോൺ. പയസ് മലേക്കണ്ടത്തിൽ അച്ചൻ മുഖ്യാതിഥിയായിരുന്നു.

മാനേജിംഗ് കമ്മിറ്റിയിൽ വച്ച് രൂപതയിലെ പുതിയ സ്ഥാനങ്ങൾ ഏറ്റെടുത്തവർ:

അസി. സെക്രട്ടറി – അലൻ മാത്യു വിൻസെന്റ്, കരിമണ്ണൂർ

ജോ. സെക്രട്ടറി – റോഷ്നി ബി. കരിമ്പാനിയിൽ, മുതലക്കോടം

കോതമംഗലം റീജിയണൽ ഓർഗനൈസർ
– ബിൻസി ബെന്നി, നാടുകാണി

മുതലക്കോടം റീജിയണൽ ഓർഗനൈസർ
- ഡോണൽ റോയ്, ചീനിക്കുഴി

സംസ്ഥാന സമിതി അംഗം - അജിത് ജോസഫ്, നടുക്കര

### *CML 63/2021* Resource Team Training

രൂപതയിലെ എല്ലാ ശാഖകളിലും ക്യാമ്പുകളും സെമിനാറുകളും നടത്തുക എന്ന ലക്ഷ്യത്തോടെ മുന്നോട്ടു കൊണ്ടുപോകുന്ന റിസോഴ്സ് ടീം ട്രെയിനിംഗ് ക്യാമ്പുകൾ തുടർന്നുകൊണ്ടിരിക്കുന്നു. ഓഗസ്റ്റ് 19- നു ഗൂഗിൾ മീറ്റ് മുഖേന റിസോഴ്സ് ടീം മീറ്റിംഗ് നടത്തി. സംസ്ഥാന ഓർഗനൈസർ ശ്രീ. അരുൺ ജോസ് ഈ മീറ്റിംഗിന് നേതൃത്വം നൽകി.

### *CML 64/2021* രൂപത ജോയിന്റ് ഡയറക്ടേഴ്സ് മീറ്റ്

രൂപതാതല ജോയിന്റ് ഡയറക്ടേഴ്സ് മീറ്റ് ആഗസ്റ്റ് 16-ന് വൈകുന്നേരം 8.00 മണിക്ക് ഗൂഗിൾ മീറ്റിലൂടെ നടന്നു. വിജ്ഞാനഭവൻ ഡയറക്ടർ ഫാ. ജോസഫ് കല്ലറയ്ക്കൽ ഈ മീറ്റിംഗിൽ മുഖ്യാതിഥിയായിരുന്നു. 90 ലധികം ജോയിന്റ് ഡയറക്ടർമാർ പങ്കെടുത്തു.

### *CML 65/2021* JESUS' KIDS

ആഗസ്റ്റ് 23, 24, 25 തീയതികളിൽ തിരുബാലസഖ്യാംഗങ്ങളായ കുട്ടികൾക്കായി രൂപതാ തലത്തിൽ 'Jesus' Kids' എന്ന പേരിൽ ഓൺലൈൻ ഗെയിം പ്രോഗ്രാം നടത്തി. മൂന്ന് ദിവസങ്ങളിലായി 10 ആക്ടിവിറ്റികളിലൂടെ നടത്തിയ ഈ പ്രോഗ്രാമിൽ 100 ഇടവകകളിൽ നിന്നായി നാലായിരത്തോളം കുട്ടികൾ പങ്കെടുത്തു.

*Director*

---

## കെ.സി.എസ്.എൽ.

### *KCSL. 15/2021* രൂപത കൗൺസിലും പ്രവർത്തനവർഷ ഉദ്ഘാടനവും

ഈ വർഷത്തെ കെ.സി.എസ്.എൽ. പ്രവർത്തനങ്ങൾ അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് ഉദ്ഘാടനം ചെയ്തു. വികാരി ജനറൽ മോൺ. പയസ് മലേക്കണ്ടത്തിൽ ആശംസകളർപ്പിച്ച് സംസാരിച്ചു. 2020-21-ലെ ബെസ്റ്റ് ആനിമേറ്ററായി തെരഞ്ഞെടുക്കപ്പെട്ട

ആരക്കുഴ സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിലെ അധ്യാപകനായ പ്രിൻസ് വർഗീസിനും മികവിന്റെ താരമായി തിരഞ്ഞെടുക്കപ്പെട്ട തൊടുപുഴ സെന്റ് സെബാസ്റ്റ്യൻസ് യുപി സ്കൂളിലെ അഭിഷേക് സാബുവിനും അഭിനന്ദനങ്ങൾ അർപ്പിച്ചു. ഏകദേശം 150 ഓളം പേർ ഇതിൽ പങ്കെടുത്തു.

*KCSL. 16/2021* **രൂപതാതല ഭാരവാഹികൾ**

എക്സിക്യൂട്ടീവ് അംഗങ്ങൾ ആയിരുന്ന സിസ്റ്റർ ലിജിയ FCC, ശ്രീ. ജോമോൻ ജോസ് എന്നിവരുടെ സ്ഥാനത്തേക്ക് സിസ്റ്റർ രഞ്ജന FCC-യും, ശ്രീമതി ലിറ്റ ബോബിയും തിരഞ്ഞെടുക്കപ്പെട്ടു.

*KCSL. 17/2021* **വിദ്യാർത്ഥി ഭാരവാഹികൾ**

| | | |
|---|---|---|
| ചെയർ പേഴ്സൺ | - | അലീന ജോബി |
| ജനറൽ സെക്രട്ടറി | - | മേഘ മേരി വർഗീസ് |
| ഹയർ സെക്കൻഡറി വിഭാഗം സെക്രട്ടറി | - | നവീൻ സിനോയ്, ദിയ ജോർജ്ജ് |
| ഹൈസ്കൂൾ വിഭാഗം സെക്രട്ടറി | - | പ്രണവ് സാബു, ആഗ്നസ് മരിയ ജോഷി |
| യുപി വിഭാഗം സെക്രട്ടറി | - | ആൻജോ സാബു, എൽഹ എൽസ ജോബി, അലൻ ജോ സിബി |

*KCSL. 18/2021* **വൈദിക ദിനാഘോഷം**

ഇടവകവൈദികരുടെ മധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ച് രൂപതയിലെ എല്ലാ വൈദികർക്കും ആശംസാപ്രസംഗവും ആശംസാഗാനവും വീഡിയോയായി അയച്ചുകൊടുത്തു.

*KCSL. 19/2021* **ആനിമേറ്റേഴ്സ് മീറ്റ് – 2021**

ആനിമേറ്റേഴ്സ് മീറ്റിൽ വികാരി ജനറാൾ മോൺ. പയസ് മലേക്കണ്ടത്തിൽ ക്ലാസ്സ് നയിച്ചു. ഏകദേശം എൺപതോളം അധ്യാപകർ പങ്കെടുത്തു തങ്ങളുടെ പ്രവർത്തനങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു.

*KCSL. 20/2021* **തിരുവചന ബോർഡ് സ്ഥാപനം**

കുട്ടികൾ അവരവരുടെ വീടുകളിൽ തിരുവചന ബോർഡുകൾ സ്ഥാപിക്കുകയും വചനം ഹൃദിസ്ഥമാക്കുകയും ചെയ്തു.

*KCSL. 21/2021* **ഇന്റർ സ്കൂൾ ബൈബിൾ ക്വിസ്**

വചനം പഠിക്കാനുള്ള ആഭിമുഖ്യം കുട്ടികളിൽ വളർത്തുന്നതിനായി ഇന്റർ സ്കൂൾ ബൈബിൾ ക്വിസ് നടത്തി. ഏകദേശം 300 ഓളം കുട്ടികൾ മത്സരത്തിൽ പങ്കെടുത്തു.

**വിജയികൾ**

**യുപി വിഭാഗം**

I – ജിയ മോൾ ജോയ്, സെന്റ് ജോസഫ് ഹയർ സെക്കൻഡറി സ്കൂൾ, കരിമണ്ണൂർ

– എബിൻ ജോബി, സെന്റ് ജോസഫ് ഹയർ സെക്കൻഡറി സ്കൂൾ, കരിമണ്ണൂർ

II – ദീപ്തി ബിജു, സെന്റ് അഗസ്റ്റിൻ ഹയർ സെക്കൻഡറി സ്കൂൾ, കോതമംഗലം

– കാരുണ്യ സാജൻ, വിമല മാതാ ഹയർ സെക്കൻഡറി സ്കൂൾ, കദളിക്കാട്

– ക്രിസ്റ്റോ സിബി, സെന്റ് സേവ്യേഴ്സ് പബ്ലിക് സ്കൂൾ, പോത്താനിക്കാട്

III – അലക്സ് ലുമോൻ, സെന്റ് സെബാസ്റ്റ്യൻ ഹയർ സെക്കൻഡറി സ്കൂൾ, വഴിത്തല

– ഇസ മരിയ റെന്നി, സെന്റ് സേവ്യേഴ്സ് പബ്ലിക് സ്കൂൾ, പോത്താനിക്കാട്

**ഹൈസ്കൂൾ വിഭാഗം**

I – കൃപ മരിയ സിബി, സെന്റ് സേവ്യേഴ്സ് പബ്ലിക് സ്കൂൾ, പോത്താനിക്കാട്

– ക്രിസ്റ്റോ കോൾബെ ഷിബു, നിർമ്മല ഹയർ സെക്കൻഡറി സ്കൂൾ, മൂവാറ്റുപുഴ

II – ആൻ മരിയ ജോർജ്, സെന്റ് ജോസഫ് ഹയർ സെക്കൻഡറി സ്കൂൾ, പൈങ്ങോട്ടൂർ

– ആഷിത ബെന്നി, സെൻ മേരീസ് പബ്ലിക് സ്കൂൾ, നാകപ്പുഴ

– ഡോണ ഷിബു, സെന്റ് ലിറ്റിൽ തെരേസാസ് ഹൈസ്കൂൾ, വാഴക്കുളം

III – പ്രണവ് സാബു, നിർമ്മല ഹയർ സെക്കൻഡറി സ്കൂൾ, മൂവാറ്റുപുഴ

- കൃപാ സാജൻ, വിമല മാതാ ഹയർ സെക്കൻഡറി സ്കൂൾ, കദളിക്കാട്

**ഹയർസെക്കൻഡറി വിഭാഗം**

I - അനഹിത മരിയ സന്തോഷ്, സെന്റ് ജോസഫ് ഹയർ സെക്കൻഡറി സ്കൂൾ, പൈങ്ങോട്ടൂർ

II - അന്നാ മരിയ സോജൻ, സെന്റ് അഗസ്റ്റിൻ ഹയർ സെക്കൻഡറി സ്കൂൾ, കോതമംഗലം

III - ആൽബിൻ ജോസ്, സെന്റ് ജോസഫ് ഹയർ സെക്കൻഡറി സ്കൂൾ, പൈങ്ങോട്ടൂർ

- ആനന്ദ് ജോ, വിമല മാതാ ഹയർ സെക്കൻഡറി സ്കൂൾ, കദളിക്കാട്
- ജോൺ സജി, സെന്റ് ജോർജ് ഹയർ സെക്കൻഡറി സ്കൂൾ, കോതമംഗലം

*KCSL. 22/2021* **ന്യൂസ് റീഡിങ് മത്സരം**

ഭാരതവിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് അമ്മയുടെ പുണ്യ വഴികൾ കോർത്തിണക്കി ന്യൂസ് റീഡിങ് അവതരിപ്പിക്കുവാനുള്ള മത്സരം നടത്തി. ഈ മത്സരത്തിൽ നല്ല രീതിയിൽത്തന്നെ കുട്ടികൾ അവരുടെ കഴിവുകൾ തെളിയിച്ചു.

**വിജയികൾ**

**യുപി വിഭാഗം**

I - ആഞ്ജലീന നിക്കോൾസൻ, സെന്റ് സെബാസ്റ്റ്യൻ യു.പി സ്കൂൾ, തൊടുപുഴ

II - തെരേസ ജോജി, വിമല മാതാ ഹയർ സെക്കൻഡറി സ്കൂൾ, കദളിക്കാട്

III - ഇലോണാ മരിയ, സെന്റ് സേവ്യേഴ്സ് പബ്ലിക് സ്കൂൾ, പോത്താനിക്കാട്

- ബിൽജോ ജോൺ ബെന്നി, സെന്റ് ജോസഫ് ഹൈസ്കൂൾ, ആരക്കുഴ
- ആഗി മരിയ റോബി, സെന്റ് ലിറ്റിൽ തെരേസാസ് ഹൈസ്കൂൾ, വാഴക്കുളം

**ഹൈസ്കൂൾ വിഭാഗം**

I – എബിൻ ഷിജോ, സെന്റ് ലിറ്റിൽ തെരേസാസ് ഹൈസ്കൂൾ, വാഴക്കുളം

II – എഡ്വിൻ ടോം, വിമല മാതാ ഹയർ സെക്കൻഡറി സ്കൂൾ, കദളിക്കാട്

III – ദിയ ടിനു, സെന്റ് ജോസഫ് ഹയർ സെക്കൻഡറി സ്കൂൾ, പൈങ്ങോട്ടൂർ

**ഹയർസെക്കൻഡറി വിഭാഗം**

I – സെറിന സാജു, സെന്റ് അഗസ്റ്റിൻ ഹയർ സെക്കൻഡറി സ്കൂൾ, മൂവാറ്റുപുഴ

II – ആനന്ദ് ജോ, വിമല മാതാ ഹയർ സെക്കൻഡറി സ്കൂൾ, കദളിക്കാട്

III – അൻസു പയസ്, സെന്റ് അഗസ്റ്റിൻ ഹയർ സെക്കൻഡറി സ്കൂൾ, മൂവാറ്റുപുഴ

– അനഹിത മരിയ സന്തോഷ്, സെന്റ് ജോസഫ് ഹയർ സെക്കൻഡറി സ്കൂൾ, പൈങ്ങോട്ടൂർ

*KCSL. 23/2021* **ഡിജിറ്റൽ പോസ്റ്റർ മേക്കിങ്**

ആഗസ്റ്റ്15–ന് പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാളിനോടും നമ്മുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യദിനത്തോടും അനുബന്ധിച്ച് ഡിജിറ്റൽ പോസ്റ്റർ മേക്കിങ് മത്സരം നടത്തി.

**വിജയികൾ**

**യുപി വിഭാഗം**

I – ഫെമി ജോസ്, സെന്റ് സെബാസ്റ്റ്യൻ ഹയർ സെക്കൻഡറി സ്കൂൾ, വഴിത്തല

II – അഭിഷേക് സാബു, സെന്റ് സെബാസ്റ്റ്യൻ യുപി സ്കൂൾ, തൊടുപുഴ

III – അൽഫോൻസ് ബാബു, സെന്റ് ജോസഫ് ഹൈസ്കൂൾ, ആരക്കുഴ

– സോനാ എലിസബത്ത്, സെന്റ് ജോസഫ് യു പി സ്കൂൾ, നെല്ലിമറ്റം

**ഹൈസ്കൂൾ വിഭാഗം**

I - റോസ് മരിയ സെബാസ്റ്റ്യൻ, സെന്റ് സെബാസ്റ്റ്യൻ ഹൈസ്കൂൾ, തൊടുപുഴ

II - റിമി മൈക്കിൾ, സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂൾ, കാളിയാർ

III - ജെസ്വിൻ ജോയി, ജയ് റാണി ഇ എം എച്ച്എസ്എസ്, തൊടുപുഴ

**ഹയർസെക്കൻഡറി വിഭാഗം**

I - ആനന്ദ് ജോ, വിമല മാതാ ഹയർ സെക്കൻഡറി സ്കൂൾ, കദളിക്കാട്

II - എബി ഷാജൻ, സെന്റ് ജോസഫ് ഹയർ സെക്കൻഡറി സ്കൂൾ, പൈങ്ങോട്ടൂർ

III - അപർണ ജോൺസൺ, സെന്റ് ജോർജ് ഹയർ സെക്കൻഡറി സ്കൂൾ, കോതമംഗലം

*Director*

---

# മാതൃവേദി

*MV19 /2021* **അഖണ്ഡ ജപമാല സമർപ്പണം**

പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണതിരുനാളിനോടനുബന്ധിച്ച് രൂപത മാതൃവേദിയുടെ നേതൃത്വത്തിൽ ഓഗസ്റ്റ് 13-ാം തീയതി മാതൃവേദി അംഗങ്ങൾ ഒന്നുചേർന്ന് അഖണ്ഡജപമാല ചൊല്ലി പ്രാർത്ഥിച്ചു.

*MV20 /2021* **സെനറ്റ് മീറ്റിംഗ്**

ആഗസ്റ്റ് 10-ാം തീയതി ഗൂഗിൾ മീറ്റിലൂടെ മാതൃവേദി സെനറ്റ് മീറ്റിംഗ് നടത്തി.

*MV21 /2021* **വി. മോനിക്ക ദിനാചരണം**

മാതൃവേദിയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥയായ വി. മോനിക്കയുടെ തിരുനാൾ ആഗസ്റ്റ് 27-ാം തീയതി അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിന്റെ അനുഗൃഹീത സാന്നിദ്ധ്യത്തിൽ രൂപതാ,

ഫൊറോ ഭാരവാഹികളുടെയും യൂണിറ്റ് പ്രതിനിധികളുടെയും പങ്കാളിത്തത്തോടെ Zoom App ലൂടെ മീറ്റിംഗ് നടത്തി, വിവിധ കലാപരിപാടികളോടെ സാഘോഷം കൊണ്ടാടി.

*Director*

## ഫാമിലി അപ്പോസ്റ്റലേറ്റ്

*FA 14/2021* **രൂപത കൗൺസിൽ**

ഫാമിലി അപ്പോസ്റ്റലേറ്റ് രൂപത കൗൺസിൽ ആഗസ്റ്റ് 22-ാം തീയതി ഗൂഗിൾ മീറ്റിലൂടെ നടത്തി.

*FA 15/2021* **പ്രീ - മാര്യേജ് കോഴ്സ്**

സെപ്റ്റംബർ 17,18,19 തീയതികളിൽ ഓൺലൈനായി പ്രീ-മാര്യേജ് കോഴ്സ് ഉണ്ടായിരിക്കും. അതിലേയ്ക്കുള്ള രജിസ്ട്രേഷൻ സെപ്റ്റംബർ 6-ാം തീയതി ആയിരിക്കും.

*FA 16/2021* **ജൂബിലി ദമ്പതീസംഗമം**

2021-ലെ ജൂബിലി ദമ്പതീസംഗമം ഒക്ടോബർ 3-ാം തീയതി ഞായറാഴ്ച 3 മണിക്ക് NESTT പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുന്നതാണ്. അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിന്റെ ദിവ്യബലി അർപ്പിക്കുന്നതായിരിക്കും. എല്ലാ ഫൊറോനകളിൽനിന്നുമുള്ള ദമ്പതീ പ്രതിനിധികൾ മാത്രം പങ്കെടുക്കുന്നു. മറ്റു ജൂബിലീ ദമ്പതികൾക്ക് Carlo TV -യിലൂടെ ദിവ്യബലിയിലും തുടർന്നുള്ള പരിപാടികളിലും പങ്കെടുക്കാവുന്നതാണ്.

*Director*

## മദ്യവിരുദ്ധസമിതി

*MVS 2/2021* **സമിതി രൂപീകരണം ഇടവകകളിൽ**

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി കോതമംഗലം രൂപതാ ഭാര

വാഹികൾ അഭിവന്ദ്യ പിതാവിനെ സന്ദർശിച്ച്, നടപ്പാക്കേണ്ട പ്രവർത്ത നങ്ങൾ ചർച്ചചെയ്ത് താഴെ പറയുന്ന തീരുമാനങ്ങളെടുത്തു:

- ❖ സമിതിയുടെ പ്രവർത്തനങ്ങൾ പ്രാർത്ഥനയിൽ കേന്ദ്രീകരിച്ച് നട പ്പാക്കുക.
- ❖ ഇടവകസന്ദർശനത്തിലൂടെ സമിതികളുടെ രൂപീകരണവും പ്രവർത്തനങ്ങളും സജീവമാക്കുക.
- ❖ വിവിധതലങ്ങളിൽ ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.
- ❖ ലഹരിക്ക് അടിപ്പെട്ടവർക്ക് വിമുക്തിയും ലഹരി വിമുക്തർക്ക് തുടർപ്രവർത്തനങ്ങളും ക്രമീകരിക്കുക.

രൂപതാദ്ധ്യക്ഷൻ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ, ഡയറക്ടർ റവ. ഫാ. ജെയിംസ് ഐക്കരമറ്റം, പ്രസിഡന്റ് ജെയിംസ് കോറമ്പേൽ, ജന. സെക്രട്ടറി ബേബി സേവ്യർ, സെക്രട്ടറി ജോണി കണ്ണാടൻ എന്നി വർ ചർച്ചയിൽ പങ്കെടുത്തു.

*Director*

## ദീപിക ഫ്രണ്ട്സ് ക്ലബ്ബ്

### *DFC 26/2021* സംസ്ഥാനസമിതി യോഗം

24-07-2021-ന് zoom meet വഴി DFC സംസ്ഥാനസമിതി യോഗം ചേർന്നു. DFC സംസ്ഥാന ഡയറക്ടർ ഫാ. റോയി കണ്ണൻചിറ CMI യോഗം ഉദ്ഘാടനം ചെയ്തു. സംസ്ഥാന ജോയിന്റ് ഡയറക്ടർ ഫാ. ജിനോ പുന്നമറ്റത്തിൽ മുഖ്യപ്രഭാഷണം നത്തി. സംസ്ഥാനതല അവലോകനത്തിൽ കോതമംഗലം രൂപത ഒന്നാം സ്ഥാനത്തെത്തി.

### *DFC 27/2021* രൂപതാസമിതി യോഗം

ആഗസ്റ്റ് മാസത്തിലെ രൂപതാസമിതി യോഗം 05-08-2021-ന് മൂവാ റ്റുപുഴ നിർമ്മല HSS -ൽ വച്ച് ചേർന്നു. വിശുദ്ധ അൽഫോൻസാമ്മ യുടെ തിരുനാൾ ദിനത്തിലെ സപ്ലിമെന്റിൽ ആശംസകൾ നേർന്നു സഹകരിച്ചവർക്കും ഇതിനായി പ്രവർത്തിച്ച ഭാരവാഹികൾക്കും

യോഗം നന്ദി അർപ്പിച്ചു. സപ്ലിമെന്റ് വിജയകരമാക്കാൻ നേതൃത്വം നല്കിയ ബഹു. ഡയറക്ടർ ജോസ് കിഴക്കേൽ അച്ചനെ യോഗം അഭിനന്ദിച്ചു.

CBSE 10-ാം ക്ലാസ്സ് പരീക്ഷയിൽ 500-ൽ 497 മാർക്ക് വാങ്ങി ഉജ്ജ്വല വിജയം കരസ്ഥമാക്കിയ മൈലക്കൊമ്പ് ഇടവക നെടുങ്കല്ലേൽ തോമസ്-റൂബി ദമ്പതികളുടെ (DFC വനിതാ വിഭാഗം രൂപതാ സെക്രട്ടറി) മകളും നേര്യമംഗലം നവോദയ വിദ്യാലയ വിദ്യാർത്ഥിനിയുമായ കുമാരി അനീറ്റ തോമസിനെ മെമന്റോ നൽകി ആദരിച്ചു. മുൻതീരുമാനപ്രകാരം, DFC യുടെ പ്രവർത്തനങ്ങളിൽ രണ്ടാം ഘട്ടത്തിലേക്ക് കടക്കാനും പാസ്റ്ററൽ കൗൺസിൽ, പാരീഷ് കൗൺസിൽ അംഗങ്ങൾ, കൈക്കാരന്മാർ, ഭക്തസംഘടനാഭാരവാഹികൾ എന്നിവരെ ദീപിക വരിക്കാർ ആക്കാനുമുള്ള പ്രവർത്തനങ്ങൾ തുടങ്ങാനും തീരുമാനിച്ചു.

*Co-ordinator*

# യുവദീപ്തി - KCYM

### *YD 31/2021* ജിബിൻ മെമ്മോറിയൽ ക്വിസ്

മുൻ രൂപതാഭാരവാഹിയായിരുന്ന ജിബിൻ കുന്നേലിന്റെ അനുസ്മരണാർത്ഥം നടത്തപ്പെടുന്ന ജിബിൻ മെമ്മോറിയൽ ക്വിസ് മത്സരം 2021 ഒക്ടോബർ 3 ഞായറാഴ്ച ഓൺലൈനായി നടത്തപ്പെടുന്നു. മുൻവർഷത്തെപ്പോലെ യൂണിറ്റ്-ഫൊറോനാതല മത്സരങ്ങൾ ഉണ്ടായിരിക്കുന്നതല്ല. ഒരു യൂണിറ്റിൽ നിന്നും രണ്ടു പേരടങ്ങുന്ന ടീമാണ് രൂപതാതല മത്സരത്തിൽ പങ്കെടുക്കേണ്ടത്.

### *YD 32/2021* രൂപതാ കൗൺസിൽ

കോതമംഗലം രൂപത കെ.സി.വൈ.എം. വാർഷിക കൗൺസിൽ 2021 ആഗസ്റ്റ് 22 ഞായറാഴ്ച രാവിലെ 11.00 മുതൽ ഉച്ചയ്ക്ക് 1.00 മണി വരെ നടത്തപ്പെട്ടു. കോതമംഗലം രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ കൗൺസിൽ ഉദ്ഘാടനം ചെയ്തു.

ഫൊറോനാതലത്തിലും രൂപതാതലത്തിലും റിപ്പോർട്ടുകൾ അവതരിപ്പിച്ചു. രൂപതാതല കണക്കവതരണവും നടത്തപ്പെട്ടു. 12 ഫൊറോനകളിലെയും ഭാരവാഹികളും ഫൊറോന ഡയറക്ടർമാരും ആനിമേറ്റർ സിസ്റ്റർമാരും കൗൺസിലിൽ പങ്കെടുത്തു.

*YD 33/2021* **ഫൊറോന ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്, പ്രസിഡന്റ്സ് മീറ്റിംഗ്**

സംഘടനയുടെ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജസ്വലമാക്കാനും വരുംനാളുകളിൽ ക്രിയാത്മകമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാനുമായി 2021 ഓഗസ്റ്റ് 8-ന് ഫൊറോന പ്രസിഡന്റുമാരുടെ മീറ്റിംഗും ഓഗസ്റ്റ് 16-ന് ഫൊറോന ഡയറക്ടർമാരുടെയും ആനിമേറ്റർമാരുടെയും മീറ്റിംഗും ഓൺലൈനായി നടത്തപ്പെട്ടു.

*Director*

## ജീസസ് യൂത്ത്

*JY 52/2021* **JesusYouth Household**

ആഗസ്റ്റ് 29-ന് ജീസസ് യൂത്ത് ഹൗസ്ഹോൾഡ് കൂട്ടായ്മ Google Meet-ൽ നടത്തി. സബ്സോൺ തിരിച്ചാണ് ഹൗസ്ഹോൾഡ് നടത്തപ്പെട്ടത്.

*JY 53/2021* **Central Prayer Gathering (CPG)**

എല്ലാ ഞായറാഴ്ചയും വൈകിട്ട് 5 മണിക്ക് Central Prayer Gathering ഗൂഗിൾ മീറ്റിൽ നടക്കുന്നു.

*JY 54/2021* **Night Vigil**

ആഗസ്റ്റ് 13-ന് കോതമംഗലം സോണിന്റെ നൈറ്റ് വിജിൽ (The Seraphic Stage ) 8.30 pm-ന് ഗൂഗിൾ മീറ്റിൽ നടത്തപ്പെട്ടു.

*JY 55/2021* **Mission Prayer Day**

ആഗസ്റ്റ് 6 മിഷൻ പ്രയർ ഡേ ആയി ആചാരിച്ചു. അന്നേ ദിവസം കേരളത്തിൽ എല്ലാ സോണുകളിലും പ്രത്യേകം പ്രാർത്ഥിച്ചു.

*JY 56/2021* **Intercession**

നമ്മുടെ സോണിന്റെ intercession -ന്റെ ഭാഗമായി 'Movement of Grace' എന്ന പേരിൽ എല്ലാ തിങ്കളാഴ്ചയും വെള്ളിയാഴ്ചയും 9.30 pm മുതൽ 10.00 pm വരെ കോതമംഗലം സോണിനു വേണ്ടി ആരാധന ഗൂഗിൾ മീറ്റിൽ നടത്തപ്പെടുന്നു.

*JY 57/2021* **Teens Ministry**

ഫ്രണ്ട്ഷിപ്പ് ഡേ-യുടെ ഭാഗമായി ഫ്രണ്ട്ഷിപ്പ് ഡേ കാർഡ്മേക്കിങ് നടന്നു. കുട്ടികൾക്ക് അവരുടേതായ കഴിവുകൾ കാർഡ്മേക്കിംഗിൽ ഉപയോഗപ്പെടുത്താൻ സാധിച്ചു.

*JY 58/2021* **TOC**

ആഗസ്റ്റ് 14- ന് ടീൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ TOC (Teens of Christ) നടത്തപ്പെട്ടു. അവരുടെ ക്രിയേറ്റിവിറ്റി എങ്ങനെ ഉപയോഗപ്പെടുത്താം എന്നതിനെക്കുറിച്ച് ആയിരുന്നു സംസാരിച്ചത്.

*JY 59/2021* **Zonal Family Gathering**

ആഗസ്റ്റ് 14-ന് സോണൽ ഫാമിലി ഗാതറിംഗ് നടത്തപ്പെട്ടു. വൈകിട്ട് 5.45 pm-ന് Zoom പ്ലാറ്റ്ഫോമിൽ ആയിരുന്നു. ഷംഷാബാദ് രൂപതയുടെ ബിഷപ്പും ജീസസ് യൂത്തിന്റെ അന്താരാഷ്ട്ര തലത്തിലെ എക്ലേസിയാസ്റ്റിക്ക് അഡ്വൈസറും ആയിട്ടുള്ള മാർ റാഫേൽ തട്ടിൽ പിതാവ് കുടുംബങ്ങൾക്ക് സന്ദേശം നൽകി.

*JY 60/2021* **Parish Month**

2021 നവംബർ മാസം പാരീഷ് month ആയി ആചരിക്കുന്നു. ജീസസ് യൂത്ത് കേരളയുടെ നേതൃത്വത്തിൽ Parish Month ലോഞ്ച് നടന്നു. അഭിവന്ദ്യ ടോണി നീലംകാവിൽ പിതാവാണ് ലോഞ്ച് ചെയ്തത്. 'എന്റെ പള്ളി' എന്ന പ്രോജക്ട് ഇതിന്റെ ഭാഗമായി നടത്തപ്പെടുന്നു.

*JY 61/2021* **FYG**

ആഗസ്റ്റ് 14-ന് ക്യാമ്പസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ FYG (Final Years Gathering) നടന്നു. ക്യാമ്പസ് ജീവിതം കഴിഞ്ഞാലും എങ്ങനെ ഈ സംഘടനയോട് ചേർന്നുനിൽക്കാം എന്ന കാര്യമാണ് അവിടെ സംസാരിക്കുകയുണ്ടായത്.

*JY 62/2021* **Roots**

സോണിലെ എല്ലാ മിനിസ്ട്രികൾക്കുവേണ്ടിയും Roots (Ministry Leaders Training ) നടക്കുന്നു. August 18, 24, 25 തീയതികളിലാണ് മിനിസ്ട്രി ട്രെയിനിങ് നടക്കുന്നത്.

*Animator*

# അല്മായ ഫ്രാൻസിസ്കൻ സഭ

*SFO 6/2021*

1. ഫ്രാൻസിസ്കൻ അല്മായ സഭയിലെ പ്രാർത്ഥനകളും പ്രതിമാസ യോഗ പരിപാടികളും ഓൺലൈൻ ആയി നടത്തി. ആഗസ്റ്റ് 1-ാം തീയതി മൂവാറ്റുപുഴ സെന്റ് ഫ്രാൻസിസ് റീജിയണിലെ എല്ലാ ഇടവക യൂണിറ്റുകളും ആഗസ്റ്റ് 7-ന് തൊടുപുഴ സെന്റ് അൽഫോൻസാ റീജിയണിലെ ഇടവക യൂണിറ്റുകളും ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു. രൂപതാ ഡയറക്ടർ റവ. ഫാ. വർഗീസ് വാഴയിൽ OFM Cap കാർമികത്വം വഹിച്ച യോഗങ്ങളിൽ രൂപതാ ഭാരവാഹികൾ, റീജണൽ ഭാരവാഹികൾ യൂണിറ്റ് മിനിസ്റ്റർ എന്നിവർ നേതൃത്വം നൽകി. തുടർന്നും എല്ലാ മാസവും ഇത്തരത്തിൽ യോഗം നടത്താൻ തീരുമാനിച്ചു. അംഗങ്ങളെല്ലാം ഫ്രാൻസിസ്കൻ യാമപ്രാർത്ഥനകൾ ചൊല്ലാൻ ശ്രമിക്കണം എന്നും യോഗത്തിൽ പങ്കെടുക്കുവാൻ സാധിക്കാത്ത എല്ലാവരോടും ഇക്കാര്യങ്ങൾ വിളിച്ച് അറിയിക്കണമെന്നും തുടർന്നു നടന്ന യോഗം തീരുമാനിച്ചു.

2. അംഗങ്ങൾ തങ്ങളുടെ യൂണിറ്റിലും വ്യക്തിപരമായും കഴിവുള്ള വിധത്തിൽ വിവിധങ്ങളായ ആതുരസേവനങ്ങൾ നടത്തി.

*Director*

# പ്രാർത്ഥനാഗ്രൂപ്പ്

*PG 5/2021* **മദ്ധ്യസ്ഥ പ്രാർത്ഥന**

കേരള കത്തോലിക്കാ കരിസ്മാറ്റിക് നവീകരണ മുന്നേറ്റം കോതമംഗലം സോണൽ സേവന സമിതി യോഗം ആനിമേറ്റർ റവ. ഫാ. ജോർജ് കുരിശുംമൂട്ടിലിന്റെ നേതൃത്വത്തിൽ മാസത്തിന്റെ ആദ്യ ചൊവ്വാ

ഴ്ചയും, മദ്ധ്യസ്ഥ പ്രാർത്ഥന മൂന്നാം ചൊവ്വാഴ്ചയും മുടക്കമില്ലാതെ നടക്കുന്നു.

വിവിധ മിനിസ്ട്രികളുടെ നേതൃത്വത്തിൽ നടത്തിയ പ്രോഗ്രാമുകൾ:

ലോർഡ്സ് കപ്പിൾ മിനിസ്ട്രിയുടെ നേതൃത്വത്തിൽ മൂന്നു ദിവസത്തെ ദമ്പതികൺവെൻഷൻ ഓൺലൈനിലൂടെ നടത്തി. ആയിരത്തോളം ആളുകൾ പങ്കെടുത്ത കൺവെൻഷന് റവ. ഫാ. ലൂയിസ് വെള്ളാനിക്കലും, സെൻട്രൽ ടീം അംഗങ്ങളും നേതൃത്വം നൽകി.

ക്രിസ്റ്റീൻ മിനിസ്ട്രിയുടെ നേതൃത്വത്തിൽ വിശുദ്ധ യൗസേപ്പിതാവിന്റെ വർഷത്തോടനുബന്ധിച്ച് കെ. ജി. മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെ പഠിക്കുന്ന കുട്ടികൾക്കുവേണ്ടി 'സാൻജോ വോയിസ് 2021' എന്ന പേരിൽ പ്രസംഗമത്സരം നടത്തി. 'ഇൻസൈറ്റ് 2021' എന്ന ധ്യാനം നടത്തി. എല്ലാ ബുധനാഴ്ചയും രാത്രി 9 മണിക്ക് സോണുകളിൽ നിന്നുള്ള സർവീസ് ടീം അംഗങ്ങളും, ആനിമേറ്റേഴ്സും, സെൻട്രൽ മിനിസ്ട്രിയോടുചേർന്ന് 'കാർമ്മൽ മീറ്റ്' എന്ന ശുശ്രൂഷയിലൂടെ പ്രാർത്ഥിക്കുന്നു. യൂ ട്യൂബ് ചാനലിലൂടെ മരിയൻ ചിന്തകൾ പങ്കുവയ്ക്കുന്നു. 'മരിയൻ വോയിസ്' നടക്കുന്നു.

മധ്യസ്ഥ പ്രാർത്ഥനാമിനിസ്ട്രിയുടെ നേതൃത്വത്തിൽ 8 സബ് സോണിൽ നിന്നുള്ള അംഗങ്ങളെ ഉൾപ്പെടുത്തി 'ആഹാസ് 2021' നടത്തി. 'എമ്മാവൂസ് തിരുമണിക്കൂർ ആരാധന' ദിവസവും ഉച്ചയ്ക്ക് 12 മുതൽ 1 മണി വരെ നടക്കുന്നു. സെൻട്രൽ മിനിസ്ട്രി നേതൃത്വം നൽകുന്ന ആരാധനയിൽ ഒരു സോണിന് ഒരാഴ്ച എന്ന ക്രമത്തിൽ കോതമംഗലം സോൺ മധ്യസ്ഥ പ്രാർത്ഥനാമിനിസ്ട്രിയും പങ്കെടുക്കുന്നു.

പാരീഷ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ LSS ട്രെയിനിംഗ് പ്രോഗ്രാം വിജയകരമായി പൂർത്തീകരിച്ചു. ശിഷ്യത്വ പരിശീലനം വിജയകരമായി നടന്നുവരുന്നു. ജീവജ്വാല സെൻട്രൽ കൗൺസിൽ ടീം സോണൽ വിസിറ്റ് നടത്തി.

KCSC കോ-ഓർഡിനേറ്റർ റവ. ഫാ. ജോസഫ് താമരവെളിയും, സെൻട്രൽ ടീം അംഗങ്ങളും സോണിൽ ഓൺലൈൻ വിസിറ്റ് നടത്തി. പ്രാർത്ഥനാഗ്രൂപ്പുകളിൽ യുവജനങ്ങളെ ചേർത്തുനിറുത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പങ്കുവച്ചു.

*Director*

# സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

*SV 4/2021* **അന്തർദേശീയ വനിതാദിനം**

ആഗസ്റ്റ് 14-ാം തീയതിയിലെ അന്തർദേശീയ വിൻസെൻഷ്യൻ വനിതാദിനാചരണത്തോടനുബന്ധിച്ച് KRCC ആഭിമുഖ്യത്തിൽ ആഗസ്റ്റ് 12-ന് നടത്തിയ ബൈബിൾ പാരായണത്തിൽ CC വനിതാ പ്രതിനിധി ലൂസി വടക്കുംപറമ്പിലിന്റെ നേതൃത്വത്തിൽ അംഗങ്ങൾ പങ്കെടുത്തു.

ജൂലൈ 25 വയോജനദിനത്തോടനുബന്ധിച്ച് ഊന്നുകൽ സെന്റ് ലിറ്റിൽ ഫ്ളവർ കോൺഫറൻസ്, ലേഡീസ് കോൺഫറൻസ്, യൂത്ത് കോൺഫറൻസ് എന്നിവ സംയുക്തമായി വയോജനങ്ങളെ ഭവനങ്ങളിൽ ആദരിച്ചു.

ആഗസ്റ്റ് 21-ാം തീയതി നെടിയകാട് സെന്റ് ലിറ്റിൽ ഫ്ളവർ കോൺഫ്രൻസ് ഭവനരഹിതരായ 5 പേർക്ക് വീട് പണിയുന്നതിനായി 20 സെന്റ് സ്ഥലം നൽകി. യോഗത്തിൽ വച്ച് 25 സെന്റ് സ്ഥലത്തിനുള്ള സമ്മതപത്രം ലഭിച്ചു. 5 ഭവനരഹിതർക്കുകൂടി അത് ഉപകാരപ്പെടും. ഇതുവരെ 18 ഭവനങ്ങൾ പൂർത്തിയായിട്ടുണ്ട്. ഇതോടുകൂടി 28 ഭവനങ്ങൾ പൂർത്തീകരിക്കപ്പെടും. അതോടൊപ്പം നിർധനരായ 16 കുട്ടികൾക്ക് ഓരോ സ്മാർട്ട് ഫോണുകളും നൽകി. ഇതിനോടനുബന്ധിച്ച് നടന്ന യോഗം തൊടുപുഴ എം.എൽ.എ. ശ്രീ. പി. ജെ. ജോസഫ് ഉദ്ഘാടനം ചെയ്തു. പഞ്ചായത്തിലെ ഏറ്റവും നല്ല കർഷകനുള്ള അവാർഡ് ലഭിച്ച ഇടവകവികാരി റവ. ഫാ. മാത്യു അത്തിക്കലിനെ പൊന്നാടയണിയിച്ച് ആദരിച്ചു.

*Director*

# കേരള ലേബർ മൂവ്മെന്റ്

*KLM 17/2021* **കോവിഡ് ധനസഹായം**

വിവിധ തൊഴിലാളി ക്ഷേമനിധികളിൽ അംഗങ്ങളായിട്ടുള്ളവർക്ക് സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച കോവിഡ് സഹായധനത്തിന്റെ

രണ്ടാം ഗഡുവായി 1000 രൂപ അനുവദിച്ചു. കേരള ലേബർ മൂവ്മെന്റ് വഴി തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായി ചേർന്ന 800 ഓളം പേർക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചു.

### *KLM 18/2021* വർക്കേഴ്സ് ഫെസിലിറ്റേഷൻ സെന്റർ

കേരള ലേബർ മൂവ്മെന്റിന്റെ ആഭിമുഖ്യത്തിലുള്ള വർക്കേഴ്സ് ഫെസിലിറ്റേഷൻ സെന്ററിന്റെ ഉദ്ഘാടനം ഒക്ടോബർ 3 വ്യാഴം ഉച്ച കഴിഞ്ഞ് 2.30-ന് NESTT പാസ്റ്ററൽ സെന്ററിൽ അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ നിർവഹിക്കുന്നു. സർക്കാരിന്റെ വിവിധ തൊഴിലാളി ക്ഷേമപദ്ധതികൾ, പരസ്പര സഹായ സാമൂഹ്യ സുരക്ഷാപദ്ധതി, പാലിയേറ്റീവ് ഹോം കെയർ സർവ്വീസ്, കൂടാതെ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ സഹായപദ്ധതികൾ, സ്കോളർഷിപ്പുകൾ തുടങ്ങിയവയെ സംബന്ധിച്ച വിവരങ്ങൾ എന്നിവ വർക്കേഴ്സ് ഫെസിലിറ്റേഷൻ സെന്റർ വഴി ലഭ്യമാണ്.

### *KLM 19/2021* പാലിയേറ്റീവ് ഹോം കെയർ ശുശ്രൂഷകൾക്ക് പുതിയ ആംബുലൻസ്

കേരള ലേബർ മൂവ്മെന്റിന്റെ ആഭിമുഖ്യത്തിലുള്ള പാലിയേറ്റീവ് ഹോം കെയർ മിനിസ്ട്രിയ്ക്ക് മടേയ്ക്കൽ ചെറിയാൻ ചാരിറ്റബിൾ ഫൗണ്ടേഷൻ സംഭാവന ചെയ്ത ആംബുലൻസിന്റെ വെഞ്ചരിപ്പ് അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ നിർവഹിച്ചു.

**ആംബുലൻസ് സേവനത്തിനായി വിളിക്കുക: 9188778180, 790298400**

*Director*

---

## ഇൻഫാം

---

### *INF 2/2021* ഇൻഫാമിന്റെ ആഭിമുഖ്യത്തിൽ കർഷക വിലാപദിനം ആചരിച്ചു

മലയാള മാസപ്പിറവിയായ ചിങ്ങം ഒന്ന് സംസ്ഥാനതലത്തിൽ കർഷക വിലാപദിനമായി ഇൻഫാം ആചരിച്ചു. ഇതോടനുബന്ധിച്ച് ചേർന്ന യോഗം 17-ന് രാവിലെ 9-ന് വാഴക്കുളത്ത് സംസ്ഥാന ഡയറ

ക്ടർ റവ. ഫാ. ജോസ് മോനിപ്പിള്ളിൽ ഉദ്ഘാടനം ചെയ്തു. സംസ്ഥാന പ്രസിഡന്റ് ജോസ് എടപ്പാട്ട് യോഗത്തിൽ അധ്യക്ഷത വഹിച്ചു. കാർഷിക വിപണിയിലെ വിലത്തകർച്ച, കർഷകവിരുദ്ധ നിയമങ്ങളും കരാറുകളും, കർഷകരുടെ കടക്കെണിയും ആത്മഹത്യയും, കൃഷിയിടങ്ങളിലെ വന്യമൃഗശല്യം തുടങ്ങിയ കാർഷിക മേഖലയിലെ പ്രതിസന്ധികൾ പൊതുശ്രദ്ധയിൽ പെടുത്താനാണ് വിലാപദിനം.

*Director*

# തിരുനാൾ മംഗളങ്ങൾ

| | | | |
|---|---|---|---|
| Rev. Fr. | Athickal Mathew | **September** | 21 |
| ” | Areekkatt Mathew | ” | 21 |
| ” | Chandrankunnel Mathew | ” | 21 |
| ” | Chamakalayil Mathew | ” | 21 |
| ” | Edattu Mathews | ” | 21 |
| ” | Kakkanatt Mathew (Jr.) | ” | 21 |
| ” | Kizhakedath Mathew | ” | 21 |
| ” | Konickal Mathew | ” | 21 |
| ” | Kochumundanmalayil Mathew | ” | 21 |
| ” | Kochupurackal Mathew | ” | 21 |
| ” | Kochupurackal Mathew (Jr.) | ” | 21 |
| ” | Kunnath Mathew | ” | 21 |
| ” | Kunnappillil Mathew | ” | 21 |
| ” | Maliekal Mathews | ” | 21 |
| ” | Mundackal Mathew M. | ” | 21 |
| ” | Mundackal Mathew (Jr.) | ” | 21 |
| ” | Mundackal Mathew | ” | 21 |
| ” | Nandalath Mathews | ” | 21 |
| ” | Plathottathil Mathew | ” | 21 |
| ” | Pittappillil Mathew | ” | 21 |
| ” | Pothanamuzhi Mathew | ” | 21 |
| ” | Poonat Mathew | ” | 21 |
| ” | Puthenkulam Mathew | ” | 21 |
| ” | Tharappil Mathew | ” | 21 |
| ” | Thekkekara Mathew | ” | 21 |

| | | | |
|---|---|---|---|
| ” | Thekkumkattil Mathew | ” | 21 |
| ” | Thevarpadam Mathews | ” | 21 |
| ” | Thottathimyalil Mathew | ” | 21 |
| ” | Thozhalay Mathew | ” | 21 |
| ” | Vadakkumpadath Mathew | ” | 21 |
| Mgr. | Vellankal Mathew | ” | 21 |
| Rev. Fr. | Nedungattu Vincent | ” | 28 |

# രൂപതാദ്ധ്യക്ഷന്റെ ഡയറി



**ജൂലൈ 2021**

22 ● J. B. Koshy കമ്മീഷന് റിപ്പോർട്ടു സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ടു നടത്തിയ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

24 ● വാഴക്കുളം ലിറ്റിൽ തെരേസാസ് സ്കൂളിന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു.

● KCSL രൂപതാതല പ്രവർത്തനവർഷ ഉദ്ഘാടനം നിർവഹിച്ചു.

25 ● ഫാമിലി അപ്പോസ്തലേറ്റ്, KCYM, മിഷൻലീഗ് എന്നീ സംഘടനകളുടെ നേതൃത്വത്തിൽ നടന്ന Pro-life ഓൺലൈൻ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

28 ● വി. അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് മൈനർ സെമിനാരിയിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

30 ● രൂപതാ സോഷ്യൽ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ നടത്തിയ മെഡിക്കൽ കിറ്റ് വിതരണത്തിന്റെ ഉദ്ഘാടനകർമ്മം നിർവഹിച്ചു.

**ആഗസ്റ്റ് 2021**

2-6 ● KCBC ഓൺലൈൻ വാർഷിക ധ്യാനത്തിൽ പങ്കെടുത്തു.

3 ● നാകപ്പുഴ ഇടവകാംഗമായ ഡീ. ജോസഫ് ഇരണക്കുഴിയിലിന് മൈലക്കൊമ്പ് പള്ളിയിൽ വച്ച് പൗരോഹിത്യപട്ടം നൽകി.

5 ● CSN സന്യാസിനീസമൂഹാംഗമായ സി. ഫിയോണ ഇലവുങ്ക

ലിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് രാമല്ലൂർ മഠം കപ്പേളയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

10-11 • മംഗലപ്പുഴ സെമിനാരിയിൽ കമ്മീഷൻ വിസിറ്റ് നടത്തി.

13 • കല്ലാനിക്കൽ ഇടവകാംഗമായ ബഹു. അരീക്കാട്ട് മാത്യു അച്ചന്റെ പിതാവ് ജോസഫിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു.

14 • നവീകരിച്ച നാകപ്പുഴ സെന്റ് മേരീസ് തീർത്ഥാടന ദൈവാലയ ത്തിന്റെ പുനർകൂദാശകർമ്മം നിർവഹിച്ചു.

• ബസ്ലേഹം ഇടവകാംഗങ്ങളായ ബഹു. മുണ്ടയ്ക്കൽ ജോസഫ്, മുണ്ടയ്ക്കൽ മാത്യു അച്ചന്മാരുടെ മാതാവ് മേരി മാത്യുവിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

• SH സന്യാസിനീസമൂഹാംഗമായ സി. ഇസിദോർ വെള്ളപ്ലാ ക്കലിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് മൈലക്കൊമ്പ് മഠം കപ്പേളയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

15 • നെടിയശാല മരിയൻ തീർത്ഥാടനകേന്ദ്രത്തിൽ പഴയ ദൈവാ ലയം സ്ഥിതി ചെയ്തിരുന്ന സ്ഥലത്ത് പുനർനിർമ്മിച്ച നിത്യാ രാധന ചാപ്പൽ വെഞ്ചരിച്ചു.

• Divine Mercy Shrine of Holy Mary യുടെ 15-ാം വാർഷികത്തോ ടനുബന്ധിച്ചു നടന്ന അഖണ്ഡ ജപമാലയുടെ സമാപനത്തിൽ ദിവ്യബലിയർപ്പിച്ചു സന്ദേശം നൽകി.

16-27 • സീറോ മലബാർ മെത്രാൻ സിനഡിൽ സംബന്ധിച്ചു.

## നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

| | | |
|---|---|---|
| ഫാ. ജോൺ പിണക്കാട്ട് | ചരമദിനം | 02-10-2005 |
| ഫാ. ജോസഫ് പുത്തൻകുളം | ,, | 02-10-2005 |
| ഫാ. ആന്റണി നെടുമ്പുറം | ,, | 03-10-2008 |
| ഫാ. ജോസഫ് പെരുമ്പനാനിക്കൽ | ,, | 20-10-2002 |
| ഫാ. അഗസ്റ്റിൻ ചെമ്പരത്തി | ,, | 22-10-1964 |

| | | |
|---|---|---|
| ഫാ. ജെയിംസ് വെമ്പിള്ളി (Sr.) | ,, | 22-10-1973 |
| ഫാ. ജോർജ് അറുകാലിൽ | ,, | 25-10-2003 |
| മോൺ. കുര്യാക്കോസ് നമ്പ്യാപറമ്പിൽ | ,, | 29-10-1971 |
| ഫാ. മാത്യു തറയിൽ | ,, | 30-10-2013 |

# നിര്യാതരായി

## സി. ഫിയോണ CSN (ഇലവുങ്കൽ)

ഇടവക - നാലുമുക്ക് (ഇടുക്കി)
ജനനം - 09-09-1998
ആദ്യവ്രതം - 02-02-2021
മരണം - 04-08-2021
മൃതസംസ്കാരം - 05-08-2021 (രാമല്ലൂർ)

## സി. ഇസിദോർ SH (വെള്ളപ്ലാക്കൽ)

ഇടവക - ആരക്കുഴ
ജനനം - 08-09-1943
ആദ്യവ്രതം - 02-05-1967
നിത്യവ്രതം - 02-05-1972
മരണം - 13-08-2021
മൃതസംസ്കാരം - 14-08-2021 (മൈലക്കൊമ്പ്)

## സി. റോജർ FCC (അരീക്കാട്ട്)

ഇടവക - കടവൂർ
ജനനം - 09-11-1941
ആദ്യവ്രതം - 01-05-1971
നിത്യവ്രതം - 01-05-1977
മരണം - 22-08-2021
മൃതസംസ്കാരം - 23-08-2021 (ഈസ്റ്റ് വാഴപ്പിള്ളി)



St. Mary's Church Nakapuzha




St. Mary's Church, Nediyasala

Daivarajjyam
September 2021

R.N.7623/63
Registered No : KL/ALY/0020/2020-2022
Date Of Publication : 01/09/2021
Posted att Thodupuzha Stg.
Annual Subscription ₹100

# EPARCHY OF KOTHAMNAGALAM

Bishop's House P.B No.6 Kothamangalam -686 691,
Kerala, India
www.kothamangalamdiocese.org
www.carlotv.com
eparchyofkothamangalam

SCAN NOW

Printed at Sanjo Offset Press, Kothamangalam
Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam -686 691